**അടിയന്തരപ്രമേയം**

## <u>ഇറ്റാലിയൻ നാവികരെ ഇന്ത്യയിലേക്ക് തിരിച്ചയയ്ക്കുന്നത് സംബന്ധിച്ച്</u>

<u>മി. സ്പീക്കർ</u>: രണ്ട് മത്സ്യത്തൊഴിലാളികളെ കടലിൽ വെടിവച്ചു കൊന്ന ഇറ്റാലിയൻ സൈനികർ ജാമ്യത്തിന് ശ്രമിക്കുമ്പോൾ സംസ്ഥാന കേന്ദ്ര സർക്കാരുകൾ നിയമാനുസൃതം സുപ്രീംകോടതിയിൽ എതിർക്കാതെ അവർക്ക് ഇന്ത്യ വിടാൻ വഴിയൊരുക്കിയ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. കെ. ഗുരുദാസൻ, വി.എസ്. സുനിൽ കുമാർ, മാത്യു റ്റി. തോമസ്, കോവൂർ കുഞ്ഞുമോൻ, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>: സർ, 07-02-2012-ൽ ഉച്ചയ്ക്ക് 12 മണിക്ക് ശക്തികുളങ്ങരയിൽനിന്ന് മത്സ്യബന്ധനത്തിനുപോയ സെന്റ് ആന്റ ണീസ് എന്ന ബോട്ടിനുനേരെ 15-02-2012 വൈകുന്നേരം 4.30 മണിയോടു കൂടി തൃക്കുന്നപ്പുഴയ്ക്ക് പടിഞ്ഞാറ് കടലിൽവച്ച് എൻറിക്കാ ലെക്സി എന്ന ഇറ്റാലിയൻ കപ്പലിൽനിന്ന് വെടി വയ്ക്കുകയും ജലസ്റ്റിൻ, അജീഷ് പിങ്കി എന്നിവർ മരണപ്പെടുകയും ചെയ്തു. സുമാർ 200 മീറ്റർ മാത്രം അകലെ നിന്നിരുന്ന കപ്പലിൽനിന്നും നിരവധി വെടിയുണ്ടകൾ ബോട്ടിന്റെ പലഭാഗ ങ്ങളിലും തറയ്ക്കുകയുണ്ടായി. ഈ സംഭവത്തിൽ ബോട്ടുടമ ഫ്രെഡിയുടെ

മൊഴിപ്രകാരം നീണ്ടകര കോസ്റ്റൽ പോലീസ് കേസ്സെടുത്ത് അന്വേഷിച്ചു. കപ്പലിൽ സെക്യൂരിറ്റി ഡ്യൂട്ടിയിലുണ്ടായിരുന്ന മാസി മിലിയാനോ ലാറ്റ്സോറെയും സാൽവറ്റോറെ ജിറോണുംകൂടി യാതൊരു മുന്നറിയിപ്പുമില്ലാതെ വെടിവച്ചതുമൂലമാണ് മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടതെന്ന് അന്വേഷണത്തിൽ അറിവായി. 19-02-2012-ൽ പ്രതികളെ അറസ്റ്റ് ചെയ്യുകയും കോടതി റിമാൻഡ് ചെയ്യുകയും ചെയ്തു. കേരള ഹൈക്കോടതിയിലെ 30-05-2012-ലെ ഉത്തരവ് പ്രകാരം ഇവർക്ക് ജാമ്യം അനുവദിച്ചു. ഇവരുടെ ജാമ്യാപേക്ഷ സംസ്ഥാന ഗവൺമെന്റ് അതിശക്തമായി എതിർത്തിരുന്നു. സംസ്ഥാന ഗവൺമെന്റിന്റെ എതിർപ്പുകൂടി കണിലെടുത്ത് കർക്കശമായ വ്യവസ്ഥകളോടുകൂടിയാണ് ഹൈക്കോടതി ജാമ്യം അനുവദിച്ചത്. 30-05-2012 മുതൽ ഇവർ ജയിൽ മോചിതരായി എറണാകുളത്ത് ഇറ്റാലിയൻ ഗവൺമെന്റ് വാടകയ്ക്കെടുത്ത സ്വകാര്യ ഹോട്ടലിൽ ജുഡീഷ്യൽ കസ്റ്റഡിയിൽ താമസിച്ചുവരികയായിരുന്നു. ക്രിസ്തുമസ്സ് ആഘോഷിക്കാൻ നാട്ടിൽ പോകണമെന്ന പ്രതികളുടെ അപേക്ഷ 20-12-2012-ൽ ലഭിച്ചു. പ്രതികളുടെ ജാമ്യ വ്യവസ്ഥകളിൽ ഇളവ് വരുത്തിയാൽ മാത്രമേ അവർക്ക് നാട്ടിൽ പോകാൻ സാധിക്കുകയുള്ളൂ. കാരണം സംസ്ഥാന ഗവൺമെന്റ് ജാമ്യം നൽകുന്നതിൽ എതിർപ്പ് പ്രകടിപ്പിച്ചതിനെത്തുടർന്ന് കർശനമായ വ്യവസ്ഥകൾ വച്ചിരുന്നു. അവരുടെ പാസ്പോർട്ട് നേരത്തെതന്നെ സറണ്ടർ ചെയ്തിരുന്നു. എല്ലാദിവസവും പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യണമെന്ന വ്യവസ്ഥയുമുണ്ടായിരുന്നു.

ഈ വ്യവസ്ഥകളിൽ ഇളവ് വരുത്തി നാട്ടിൽ പോകാൻ അനുവദിക്കണമെന്നാണ് അവർ ആവശ്യപ്പെട്ടത്. സംസ്ഥാന ഗവൺമെന്റ് അതിനെ ശക്തമായി എതിർത്തു. പക്ഷേ ഇറ്റാലിയൻ അംബാസിഡറുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ അവരെ ക്രിസ്തുമസ്സ് ആഘോഷിക്കുന്നതിനായി നാട്ടിലേയ്ക്ക് അയയ്ക്കാനാണ് കോടതി തീരുമാനിച്ചത്. അതനുസരിച്ച് 22-12-2012-ന് അവർ ഇറ്റലിയിലേയ്ക്ക് പോവുകയും 04-01-2013-ൽ തിരിച്ചുവന്ന് കോടതിയിൽ സറണ്ടർ ചെയ്യുകയും ചെയ്തു. അതിനുശേഷം അവർക്ക് ഡൽഹിയിൽ പോകാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ട് കൊടുത്ത അപേക്ഷയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി അതിനുള്ള അനുമതി നൽകി. കേരള ഹൈക്കോടതിയുടെ കർശനമായ വ്യവസ്ഥകൾ പാലിക്കത്തക്കവിധത്തിൽ ഡൽഹിയിലെ കോടതിയിൽ പാസ്പോർട്ട് സറണ്ടർ ചെയ്യാനും ഡൽഹിയിലെ ചാണക്യപുരി പോലീസ് സ്റ്റേഷനിൽ ഹാജരാകാനുമുള്ള വ്യവസ്ഥകളോടുകൂടിയാണ് സുപ്രീംകോടതി അനുവാദം നൽകിയത്. അതിനുശേഷം ഇറ്റലിയിൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനായി പോകാൻ അനുവദിക്കണമെന്ന അപേക്ഷ സമർപ്പിച്ചു. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും അതിനെ എതിർത്തു. പക്ഷേ വോട്ടുചെയ്യാനുള്ള ഒരു പൗരന്റെ സ്വാതന്ത്ര്യം കണക്കിലെടുത്ത് അവർക്ക് പോകാൻ അനുവാദം നൽകി. വ്യവസ്ഥകളിൽ ഇളവ് വരുത്തുന്നത് സർക്കാരല്ല, സുപ്രീംകോടതിയാണ്. സുപ്രീംകോടതിയുടെ മുന്നിൽ എല്ലാ വിഷയങ്ങളും അവതരിപ്പിച്ചോ എന്നതാണ് പ്രശ്നം. അത് സംബന്ധിച്ച് നമ്മുടെ അഡ്വക്കേറ്റിൽ നിന്ന് ലഭിച്ചി

ട്ടുള്ള വിശദീകരണം - "When the application by the Marines for permission to go to Italy was taken up, Union of India has objected the application. State of Kerala also objected. But the Supreme Court has observed that after the judgement of 18-01-2013........" 18-01-2013-ലെ ജഡ്ജ്മെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അവകാശത്തെ ചോദ്യം ചെയ്യുന്ന തിനെ ഭാഗീകമായി അംഗീകരിച്ച വിധിയാണ്. 12 നോട്ടിക്കൽ മൈൽ വരെ മാത്രമേ പൂർണ്ണമായും സംസ്ഥാന ഗവൺമെന്റിന് അധികാരമുള്ളൂ. 20.5 കിലോമീറ്ററിലാണ് ഈ സംഭവം നടക്കുന്നത്. ആ കണ്ടിജുവസ് സോണിൽ കേന്ദ്ര ഗവൺമെന്റിന് പൂർണ്ണമായ അവകാശമുണ്ട്. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് എടുത്ത എഫ്.ഐ.ആർ ക്യാൻസൽ ചെയ്യുകപോലും ചെയ്യാതെ തുടർന്നുള്ള നടപടികൾ കേന്ദ്ര ഗവൺമെന്റ് ചെയ്യാനാണ് പറഞ്ഞത്. പ്രസ്തുത ജഡ്ജ്മെന്റിൽ പറയുന്നത് - The Court has observed that after the judgement of 18-01-2013, State of Kerala has only limited role in the case എന്നാണ്. ഇവർക്ക് ഇന്ത്യയിൽനിന്ന് പോസ്റ്റൽ വോട്ട് ചെയ്യാനുള്ള സംവിധാനമുണ്ടാക്കുകയാണ് വേണ്ടതെന്ന് നമ്മുടെ അഡ്വക്കേറ്റ് പറഞ്ഞ പ്പോൾ "...........with regard to the right of postal voting available to the two accused persons, the Ambassador of Italy has filed an affidavit stating that postal voting facility is not applicable to the two marines."

**എന്നാണ് കോടതി പറഞ്ഞത്**. മേൽപ്പറഞ്ഞ സാഹചര്യത്തിലാണ് ഇറ്റാലിയൻ അംബാസിഡറുടെ വ്യക്തമായ ഉറപ്പിന്റെ അടിസ്ഥാനത്തിൽ കോടതി ഇവരെ പോകാൻ അനുവദിച്ചതും ഇപ്പോൾ ഇങ്ങനെയൊക്കെ ഉണ്ടായിട്ടുള്ളതും. ഇത് സംബന്ധിച്ച് കേരളത്തിലെ ജനങ്ങളുടെ വികാരം പ്രധാനമന്ത്രിയേയും കേന്ദ്ര ഗവൺമെന്റിനേയും അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റ് എടുത്ത നിലപാടും പ്രധാനമന്ത്രി പാർലമെന്റിൽ നടത്തിയ പ്രസ്താവനയും ഇൻഡ്യയുടെ ആത്മാഭിമാനം ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റാണെന്ന് എനിക്ക് വളരെ അഭിമാനത്തോടെ പറയാൻ സാധിക്കും. “Our Government has therefore insisted that the Italian authorities respect the undertaking they have given to the Hon’ble Supreme Court and return the two accused persons to stand trial in India. If they do not keep their word, there will be consequences for our relations with Italy” നമ്മുടെ പ്രധാനമന്ത്രിക്ക് ഉപയോഗിക്കാവുന്ന ശക്തമായ ഭാഷയിലാണ് അദ്ദേഹം പാർലമെന്റിൽ സ്റ്റേറ്റ്മെന്റ് നടത്തിയത്. അദ്ദേഹം പറയുക മാത്രമല്ല പ്രവർത്തിക്കുകയും ചെയ്തു.

23-ാം തീയതിവരെ ഇറ്റാലിയൻ നാവികർക്ക് തിരിച്ചുവരാൻ സമയമുണ്ട്. പക്ഷെ അതിന് കാത്തിരിക്കാതെ അവരുടെ ഇങ്ങനെയൊരു അറിയിപ്പ് വന്ന സാഹചര്യത്തിൽ അടുത്ത ദിവസംതന്നെ അറ്റോർണി ജനറൽ സുപ്രീംകോടതിയിൽ മെൻഷൻ ചെയ്തു. ഇറ്റാലിയൻ അംബാസിഡർ ഇൻഡ്യ വിട്ടുപോകരുതെന്നുള്ള നിർദ്ദേശം സുപ്രീംകോടതി കൊടുത്തു.

ഇന്ന് സുപ്രീംകോടതിയുടെ പരിഗണനയ്ക്ക് ആ കേസ് വരികയാണ്. ഒരു കാര്യം വളരെ വ്യക്തമാണ്. നയതന്ത്ര ബന്ധവും നയതന്ത്ര പദവിയും ഒരു രാജ്യത്തെ അപമാനിക്കാനോ ആ രാജ്യത്തിന്റെ നിയമങ്ങളെ തള്ളിക്കള യാനോ കിമിനൽ കുറ്റം ചെയ്തവരെ സംരക്ഷിക്കാനോ ഉള്ളതല്ല. അതു കൊണ്ട് ഇക്കാര്യത്തിൽ ഒരു സംശയവും വേണ്ട, രണ്ട് പാവപ്പെട്ട മത്സ്യ ത്തൊഴിലാളികളെ കൊന്ന ഇറ്റാലിയൻ നാവികരെ കോടതിയുടെ മുമ്പിൽ കൊണ്ടുവരികയും ഇൻഡ്യൻ നിയമമനുസരിച്ചുതന്നെ വിചാരണ ചെയ്യു കയും ചെയ്യും. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. അതാണ് നീതിയും നിയമവും. നയതന്ത്ര ബന്ധം ഒരു രാജ്യത്തെ വഞ്ചിക്കാനോ അവി ടത്തെ സുപ്രീംകോടതിക്ക് കൊടുത്തിട്ടുള്ള വാക്ക് ലംഘിക്കാനോ ഉള്ളതല്ല, രാജ്യങ്ങൾ തമ്മിലുള്ള ഉന്നതമായ നയതന്ത്ര ബന്ധങ്ങൾ കാത്തുസൂക്ഷി ക്കാൻ വേണ്ടിയുള്ളതാണ്. ഇറ്റലി ഈ വാക്ക് പാലിക്കാതെ നയതന്ത്ര പദവി ഉപയോഗിച്ച് രണ്ട് ക്രിമിനലുകളെ ഈ രാജ്യത്തുനിന്ന് കടത്തിക്കൊണ്ടുപോ കാനാണ് ശ്രമിക്കുന്നത്. അത് ഒരു കാരണവശാലും അനുവദിക്കുകയില്ല. സംസ്ഥാന ഗവൺമെന്റിന്റെ നിലപാടിന് കേന്ദ്ര ഗവൺമെന്റിന്റെ പൂർണ്ണമായ പിന്തുണയുണ്ട് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ,

മി. സ്പീക്കർ: നോ.. നോ.. അടിയന്തരപ്രമേയത്തിന്റെ അവതാരകൻ സംസാരിക്കട്ടെ. അങ്ങേയ്ക്ക് പിന്നീട് സംസാരിക്കാവുന്നതാണ്. അങ്ങേയ്ക്ക് പിന്നീട് സംസാരിക്കാം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, മുഖ്യമന്ത്രി എനിക്ക് മറുപടി പറയാനുള്ള അവസരം നൽകാമെന്ന് പറഞ്ഞിരുന്നതാണ്.

മി. സ്പീക്കർ: അങ്ങ് ഇപ്പോൾ സംസാരിക്കാൻ എണീറ്റാലും ഞാൻ ഒന്നും പറയില്ല. അടിയന്തരപ്രമേയാവതാരകൻ ഇതുവരെ സംസാരിച്ചിട്ടില്ല. അങ്ങേയ്ക്ക് പിന്നീട് സംസാരിക്കാം. അതാണ് നല്ലത്. യെസ്.. പ്ലീസ്..

ശ്രീ. പി.കെ. ഗുരുദാസൻ: സർ,.....

മി. സ്പീക്കർ: ശ്രീ. പി.കെ. ഗുരുദാസൻ, പ്രതിപക്ഷ നേതാവിന് എന്തോ ചോദിക്കാനുണ്ട്. അദ്ദേഹം സംസാരിക്കട്ടെ.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഓൺലൈൻ ആയി ജയിൽ ഇരുന്നുകൊണ്ടുതന്നെ വോട്ട് ചെയ്യാവുന്ന സാഹചര്യമുള്ളപ്പോൾ നമ്മുടെ വക്കീൽ എന്തുകൊണ്ട് അക്കാര്യം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയില്ല; അക്കാര്യത്തെപ്പറ്റി എന്താണ് അങ്ങേയ്ക്ക് പറയാനുള്ളത്? നമ്മുടെ വക്കീൽ അദ്ദേഹത്തിന്റെ ചുമതല നിറവേറ്റിയിരുന്നൂവെങ്കിൽ അവർക്ക് ഇറ്റലിയിൽ പോകാതെതന്നെ ജയിലിരുന്നുകൊണ്ട് വോട്ട് ചെയ്യാമായിരുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അതാണ് ഞാൻ വായിച്ചത്. ഈ കാര്യം ചൂണ്ടിക്കാണിച്ചപ്പോൾ പറഞ്ഞത് - “the Ambassador of Italy has filed an affidavit stating that postal voting facility is not applicable to the two marines accused in this case” എന്നാണ്. അവർ കൊടുത്ത അഫിഡവിറ്റിൽ ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നതെന്നാണ്.

<u>ശ്രീ. പി. കെ. ഗുരുദാസൻ:</u> സർ, ഫെബ്രുവരി 22-ാം തീയതിയാണ് സുപ്രീം കോടതി മത്സ്യത്തൊഴിലാളികളെ വെടിവച്ചുകൊന്ന ഇറ്റാലിയൻ നാവികർക്ക് ഇറ്റലയിൽ വോട്ടുചെയ്യാൻ പോകാൻ അനുമതി നൽകിയത്. ഫെബ്രുവരി 25, 26 തീയതികളിലാണ് അവിടെ വോട്ടെടുപ്പ് നടന്നത്. അതുകഴിഞ്ഞ് വീണ്ടും 3 ആഴ്ചവരെ അവർക്ക് അവിടെ തങ്ങാൻ അവസരം കൊടുത്തു. ഇറ്റാലിയൻ അംബാസിഡർ ഡാനിയേൽ മാൻസിനി നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ് അവർക്ക് പോകാൻ അനുവാദം നൽകിയത്. ഇപ്പോൾ അവർ നമ്മുടെ രാഷ്ട്രത്തിന്റെ അന്തസ്സിനും നമ്മുടെ മത്സ്യത്തൊഴിലാളികളുടെയും പൗരന്മാരുടെയും സുരക്ഷയ്ക്കും വലിയ വെല്ലുവിളി ഉയർത്തിയിരിക്കുകയാണ്. നമ്മുടെ പരമാധികാരത്തിനും യശസ്സിനും നിയമവാഴ്ചയ്ക്കും നേരെയുള്ള കടന്നാക്രമണമാണ് ഇറ്റാലിയൻ ഭരണാധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. ഒരു സ്വതന്ത്ര പരമാധികാര രാഷ്ട്രത്തിനുനേരെയുള്ള ഒരു വെല്ലുവിളിയാണിത്. ഇതൊരു കൊടും വഞ്ചനയാണ്. പരിഷ്കൃത നിയമ സംവിധാനമുള്ള രാഷ്ട്രമെന്നുള്ള നിലയിൽ, അവർക്ക് ക്രിസ്തുമസ്സിന് നാട്ടിൽ പോകാൻ നാം അനുമതി കൊടുത്തു. ഇപ്പോൾ വോട്ടുചെയ്യാൻ നൽകിയ അനുമതി അവർ ദുരുപയോഗപ്പെടുത്തുകയാണുണ്ടായത്. വോട്ടുചെയ്യാനല്ല, യഥാർത്ഥത്തിൽ നമ്മുടെ രാഷ്ട്രത്തെ അപമാനിക്കാനാണ് ഇറ്റാലിയൻ ഭരണകൂടം ഇത്തരമൊരു സാഹചര്യമുണ്ടാക്കിയത്. ഇൻഡ്യൻ നിയമപ്രകാരം ജയിലിൽ ശിക്ഷിക്കപ്പെട്ടു കഴിയുന്ന ഒരു തട

വുകാരന് വോട്ട് ചെയ്യാൻ അവകാശമില്ല. എന്നാൽ ഇറ്റാലിയൻ നിയമ പ്രകാരം അവകാശമുണ്ട്. ഈ പ്രശ്നം പാർലമെന്റിലെ രണ്ട് സഭയിലും ചർച്ചചെയ്തു. ആ സഭയിലെ നടപടിക്രമങ്ങൾ ഞാൻ വായിക്കാനിടയായി. “The Italian Citizens residing abroad are entitled to vote by mail for candidates” - ഇതാണ് ഇറ്റലിയിലെ നിയമം. ഇപ്രകാരം ഇറ്റലിയിൽ പോയി വോട്ട് ചെയ്യാതെ ഇവിടെനിന്നുകൊണ്ടുതന്നെ വോട്ടുചെയ്യാനുള്ള അവകാശം ഉണ്ടായിരിക്കെ അത് വിനിയോഗിക്കാതെ അവർ കോടതിയെ തെറ്റിദ്ധരിപ്പിച്ച് ഇറ്റലിയിൽ പോകാൻ അനുമതി നേടിയതാണ്. സുപ്രീംകോടതിയിൽ കേന്ദ്ര ഗവൺമെന്റിനുവേണ്ടി അറ്റോർണി ജനറലാണ് ഹാജരാകേണ്ടത്. എന്നാൽ അറ്റോർണി ജനറൽ പോയില്ല, പകരം അഡീഷണൽ അറ്റോർണി ജനറലാണ് പോയത്. ശക്തമായ വാദങ്ങൾ ഉന്നയിച്ചതുമില്ല. അവിടെ ഇറ്റലിക്കുവേണ്ടി വാദിച്ചത് ഏറ്റവും പ്രശസ്തനും സീനിയറുമായ അഡ്വക്കേറ്റ് സാൽവേയാണ്. കടൽ കൊലപാതകം ഡിപ്ലോമാറ്റിക് കൂടിയാലോചനയിൽക്കൂടി പരിഹരിക്ക ണമെന്നാണ് ഇപ്പോൾ യൂറോപ്യൻ യൂണിയൻ പറഞ്ഞിരിക്കുന്നത്. യൂറോപ യ്യൻ യൂണിയൻ അപ്രകാരമുള്ള ഒരു നിലപാട് സ്വീകരിച്ചപ്പോൾ ഇൻഡ്യാഗവൺമെന്റ് ഫലപ്രദമായ പ്രതികരണം നടത്തിയിട്ടില്ല എന്നു നാം മനസ്സിലാക്കണം. ഇത് ഡിപ്ലൊമാറ്റിക് റൂട്ടിൽകൂടി പരിഹരിക്കേണ്ട ഒരു വിഷ യമല്ല. ഇൻഡ്യൻ നിയമവ്യവസ്ഥയ്ക്ക് വിധേയമായിട്ടേ ഈ വിഷയം കൈകാര്യം ചെയ്യാൻ പാടുള്ളൂ. സുപ്രീംകോടതിയുടെ ജാമ്യവ്യവസ്ഥ നാവി കർ ലംഘിച്ചു. ഇറ്റാലിയൻ അംബാസിഡറും ഭരണാധികാരികളും അത്

ലംഘിച്ചിരിക്കുകയാണ്. സുപ്രീംകോടതി ഇപ്പോൾ ഇറ്റാലിയൻ അംബാസിഡർ ഇൻഡ്യ വിടരുതെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇറ്റലിക്കാർ ജാഗ്രത പുലർത്തണം, പ്രകടനങ്ങളും ജനക്കൂട്ടങ്ങളുമുള്ള സ്ഥലങ്ങളിൽ, വിശിഷ്യാ കേരളത്തിൽ പോകാൻ പാടില്ല എന്ന ഇറ്റലിയുടെ ജാഗ്രതാ സന്ദേശം ഇന്നലത്തെ പത്രത്തിൽ വായിക്കുകയുണ്ടായി. നമ്മുടെ സംസ്കാരം ഇറ്റാലിയൻ ഭരണാധികാരികളുടെ സംസ്കാരമല്ല, വിദേശ പൗരന്മാരോട് മര്യാദയായി പെരുമാറുന്നവരുടെ സംസ്കാരമാണ്. ഇതിലൊരു ഗൂഡാലോചനയുണ്ടെന്നാണ് മാർച്ച് 14-ാം തീയതിയിലെ 'ദി ഹിന്ദു' പത്രം വായിച്ചാൽ മനസ്സിലാക്കാൻ കഴിയുന്നത്. ഈ സംഭവത്തിൽ ഗൂഡാലോചനയുണ്ടെന്നത് വളരെ വ്യക്തമാണ്. മാർച്ച് 14-ാം തീയതി 'ദി ഹിന്ദു' റിപ്പോർട്ട് ചെയ്തത് " the official press release issued by Daniele Mancini, the Italian Ambassador in New Delhi on the instructions of Giulio Terzi, the Italian Foreign Minister on 11th Monday night said that the decision not to return the marines was taken in consultation with the Ministries of Defence and Justice in co-ordination with Office of the Prime Minister." എന്നാണ്. നമ്മുടെ ഡിഫൻസ് മിനിസ്ട്രിയും നിയമമന്ത്രാലയവും പ്രധാനമന്ത്രിയുടെ മന്ത്രാലയവുമെല്ലാം പരസ്പരം ആലോചിച്ച് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ മറൈൻസ് ഇന്ത്യയിലേയ്ക്ക് തിരിച്ചുവരേണ്ട എന്ന തീരുമാനമെടുത്തതെന്നാണ് ഇറ്റാലിയൻ അംബാസിഡർ പറയുന്നത്. ഇത്

വളരെ ഗൗരവതരമായ ഒരു വിഷയമാണ്. ഈ വാർത്ത ആരും നിഷേധിച്ചിട്ടി ല്ല. ഇതുവരെ ഈ വാർത്ത ആരും നിഷേധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ വ്യ ക്തമായ മറുപടി നൽകാൻ കേരള ഗവൺമെന്റിനും കേന്ദ്രഗവൺമെന്റിനും ബാധ്യതയുണ്ട്. മാർച്ച് മാസം 6-ാം തീയതി ഇന്ത്യയിൽ ഇവരെ ട്രയൽ നട ത്താൻ അവകാശമില്ല എന്നുപറഞ്ഞുകൊണ്ട് ഇറ്റലി ഇന്ത്യയ്ക്ക് കത്തയച്ചു. ഇന്ത്യ ഇക്കാര്യം നിഷേധിച്ചില്ല. എന്നുമാത്രമല്ല, വിദേശകാര്യ മന്ത്രാലയം പറഞ്ഞത് ഇപ്രകാരം കത്തുകൾ വരുന്നത് സാധാരണമാണ്, വീണ്ടും ഒന്നോ രണ്ടോ റിമൈൻഡർ കൂടി വരുമ്പോൾ മാത്രം നാം പ്രതികരിച്ചാൽ മതി എന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇവിടെ പറഞ്ഞതുപോലെ, ഇതൊരു സാധാരണ സംഭവമല്ല. ഇത് വാക്കിൽ മാത്രം പോര, പ്രവർത്തി യിൽക്കൂടി വേണം. ജനങ്ങളുടെ പ്രക്ഷോഭം ഭയന്ന് ബഹുമാനപ്പെട്ട മുഖ്യ മന്ത്രി പ്രതികരിച്ചു, പ്രധാനമന്ത്രി വാചാലനായി. അതെല്ലാം ഞാനിവിടെ വിശദീകരിക്കുന്നില്ല. ഇറ്റാലിയൻ അംബാസിഡറോട് ഇന്ത്യ വിട്ടുപോ കാനാണ് ഗവൺമെന്റ് പറഞ്ഞത്. പിന്നീടാണ് ബഹുമാനപ്പെട്ട സുപ്രീംകോ ടതി ഇടപെട്ടത്. ഇറ്റാലിയൻ അംബാസിഡർ ഇന്ത്യ വിട്ടുപോകാതെ സൂക്ഷി ക്കണമെന്ന് ഇപ്പോൾ ഇന്ത്യാ ഗവൺമെന്റ് എല്ലാ എയർപോർട്ടുകൾക്കും നിർദ്ദേശം കൊടുത്തിരിക്കുകയാണ്. 121 കോടി ജനങ്ങളുള്ള നമ്മുടെ രാഷ്ട്രം കഴിവില്ലാത്ത രാഷ്ട്രമാണോ? ഇറ്റലിയിലാണെങ്കിൽ 6 കോടി 60 ലക്ഷവും യൂറോപ്യൻ യൂണിയൻ ആകെ എടുത്താൽ 50 കോടിയുമാണ് ജനസംഖ്യ. സമ്പന്നന്മാർക്ക് വലിയ സമ്പത്തുണ്ടെങ്കിലും, സാമ്പത്തിക പ്രതി

സന്ധി നേരിടുന്ന, തകർച്ച നേരിടുന്ന ഒരു രാഷ്ട്രം നമ്മടെ രാജ്യത്തിനോട് ആഞ്ജാപിക്കുകയാണ്. ഇന്ത്യ ആരെയാണ് ഭയക്കുന്നത്? ഇന്ത്യയ്ക്ക് കേസ്സെടുക്കാൻ അവകാശമില്ല എന്ന് വാദിച്ചുകൊണ്ട് കൊല്ലം കോടതിയിൽ നടന്ന കേസ്സിനെതിരെ ഇറ്റാലിയൻ നാവികർ ഹൈക്കോടതിയിൽ അപ്പീൽ പോയി. ഹൈക്കോടതി വിധി വരുന്നതിനുമുമ്പുതന്നെ റിപ്പബ്ലിക് ഓഫ് ഇറ്റലി, യൂണിയൻ ഓഫ് ഇന്ത്യയ്ക്കെതിരായി സുപ്രീംകോടതിയിൽ കേസ് കൊടുത്തു. പിന്നീടാണ് ഹൈക്കോടതി വിധി വന്നത്. സുപ്രീംകോടതിയിൽ വിചാരണ വന്നു. ഇതിനിടെ കേരള ഹൈക്കോടതിയുടെ വിധി വന്നു. സുപ്രീംകോടതി വിധിപ്രകാരം ഈ വെടിവയ്പ്പ് നടന്നത് 20.5 നോട്ടിക്കൽ മൈൽ അകലെയാണ്. ഞാൻ ഒരു കാര്യം ഓർമ്മിപ്പിക്കുകയാണ്. കഴിഞ്ഞ വർഷം ഫെബ്രുവരി മാസം ഈ വിഷയം നിയമസഭയിൽ ചർച്ച ചെയ്തപ്പോൾ ഞാൻ പറഞ്ഞതാണ്, മഹസർ റിപ്പോർട്ടിൽ 22.5 നോട്ടിക്കൽ മൈൽ, എഫ്.ഐ.ആർ-ൽ 33 നോട്ടിക്കൽ മൈൽ, സുപ്രീംകോടതിയിൽ പോയപ്പോൾ അത് 20.5 നോട്ടിക്കൽ മൈലായി. ഇതെങ്ങനെ സംഭവിച്ചു? വളരെ അലക്ഷ്യമായിട്ടാണ് ഈ കേസ് കൈകാര്യം ചെയ്തത്. ഈ സംഭവം നടന്നത് contiguous zone-ലാണ്. contiguous zone എന്നുപറഞ്ഞാൽ ടെറിറ്റോറിയൽ വാട്ടേഴ്സിന് അപ്പുറമുള്ളതാണ്. അതിനപ്പുറം 200 നോട്ടിക്കൽ മൈൽ എക്സ്ക്ലൂസീവ് എക്കണോമിക് സോൺ ഉണ്ട്. ഈ contiguous zone എന്നത് എക്സ്ക്ലൂസീവ് എക്കണോമിക് സോണിന്റെ ഭാഗമാണ്.

contiguous zone-ൽ ഇൻവെസ്റ്റിഗേറ്റ് ചെയ്യാനും വിചാരണ ചെയ്യാനും കേരളത്തിന് അവകാശമില്ല എന്ന് സുപ്രീംകോടതി പറഞ്ഞു. പിന്നെ ആര് കേസെടുക്കും; അത് ആര് ചോദ്യം ചെയ്യും? കേരള പോലീസിന്റെ ജ്യൂറിസ്ഡിക്ഷനിൽ വരുന്നതല്ല എന്നു പറയാൻ എന്തുകൊണ്ട് അവർക്ക് കഴിയുന്നു? കേന്ദ്ര ഗവൺമെന്റിന് പോലീസ് സ്റ്റേഷൻ ഇല്ല. ഓരോ സ്റ്റേറ്റുകൾക്കുമാണ് പോലീസ് സ്റ്റേഷനുള്ളത്. അപ്പോൾ കേസ്സെടുക്കാൻ പോലീസ് സ്റ്റേഷൻ വേണം. കേരളത്തിന് കേസ്സെടുക്കാൻ അധികാരമില്ല എന്നുപറയുമ്പോൾ, കേസ്സെടുക്കേണ്ട, ഇൻവെസ്റ്റിഗേറ്റ് ചെയ്യേണ്ട എന്നാണതിനർത്ഥം. ഇതിനായി സ്പെഷ്യൽ കോടതി വയ്ക്കണമെന്ന് സുപ്രീംകോടതി പറഞ്ഞു. ജനുവരി മാസം 18 തീയതിയാണ് ഇത് പറഞ്ഞത്. അതുകഴിഞ്ഞ് ഫെബ്രുവരി മാസം 22-ാം തീയതി വിധിപറയുന്നതുവരെ കേസ്സിന് നാഥനില്ലാതായിരുന്നു. ഇറ്റാലിയൻ അംബാസിഡറുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ 14 ആഴ്ചക്കാലത്തേയ്ക്ക് നാട്ടിൽ പോകാൻ ഇറ്റാലിയൻ സൈനികൾക്ക് അനുവാദം കൊടുത്തു. കർക്കശമായ ജാമ്യവ്യവസ്ഥകൾ, ജാമ്യത്തുക, സെക്യൂരിറ്റി ഇതെല്ലാം വാങ്ങിയിട്ടാണ് ഹൈക്കോടതി ക്രിസ്തുമസ്സിന് നാട്ടിൽ പോകാൻ ഇവർക്ക് അനുമതി നൽകിയത്. എന്നാൽ, ഇപ്പോൾ യാതൊരു വ്യവസ്ഥകളുമില്ലാതെയാണ് അയച്ചിരിക്കുന്നത്. സുപ്രീംകോടതിയിൽ നിന്നും നാട്ടിൽപോകാനുള്ള അനുമതി നേടിയപ്പോൾ Supreme Court was an order in a legal vacuum......, legal vacuum- നാണ് അയച്ചത്. അതായത് ഈ കേസ് നട

ത്താൻ കേരള പോലീസിന് അവകാശമില്ല, സ്പെഷ്യൽ കോടതി വയ്ക്കണം എന്ന് ജനുവരി മാസം 18-ാം തീയതി സുപ്രീംകോടതി വിധിക്കുന്നു. ഫെബ്രുവരി മാസം 22-ാം തീയതിവരെ ഈ കേസ് നടത്താൻ ആരുമില്ല. അങ്ങനെ legal vacuum ഉള്ള സമയത്താണ് ഒരു കണ്ടീഷനുമില്ലാതെ സുപ്രീംകോടതി ഇവർക്ക് നാട്ടിൽ പോകാൻ അനുമതി കൊടുത്തത്. എന്റെ വാദം കേരളത്തിന് അധികാരമുണ്ടെന്നാണ്. ഇത് ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്. 1976-ലെ മാരിടൈം സോൺ ആക്ടിലെ വ്യവസ്ഥയ്ക്ക് വിധേയമായി, ആക്ടിലെ 7-ാം വകുപ്പനുസരിച്ച് ഗവൺമെന്റ് ഓഫ് ഇന്ത്യ, SO 671 പ്രകാരം 27.8.1981-ൽ പുറപ്പെടുവിച്ച നോട്ടിഫിക്കേഷനനുസരിച്ച് (12 നോട്ടിക്കൽ മൈൽ ടെറിറ്റോറിയൽ വാട്ടേഴ്സ്, 12 നോട്ടിക്കൽ മൈൽ contiguous zone, 200 നോട്ടിക്കൽ മൈൽ എക്സ്ക്ലൂസ്സീവ് എക്കണോമിക് സോൺ) സമുദ്രത്തിന്റെ എല്ലാ ഭാഗങ്ങളിലും കുറ്റകൃത്യങ്ങൾ നടന്നാൽ ഇന്ത്യൻ പീനൽ കോഡും ക്രിമിനൽ പ്രൊസീഡ്യുവർ കോഡും പ്രകാരം കേസ്സെടുക്കാൻ ഇന്ത്യയ്ക്ക് അവകാശമുണ്ട്. ഇന്ത്യൻ നിയമത്തിന് വിധേയമായിട്ടാണ് കേരളത്തിലെ ഗവൺമെന്റും പ്രവർത്തിക്കുന്നത്. അതുകൊണ്ട് ഇന്ത്യയ്ക്ക് അവകാശമുള്ള എല്ലാ കാര്യങ്ങളിലും സ്റ്റേറ്റ് ഓഫ് കേരളയ്ക്കും അവകാശമുണ്ട്. സുപ്രീംകോടതി വിധി ആരും ചലഞ്ച് ചെയ്തില്ല. കേസ്സിൽ കേരള ഗവൺമെന്റ് കക്ഷി ചേരണമെന്നും റിവ്യൂ ഹർജി കൊടുക്കണമെന്നും ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയുകയും എഴുതിക്കൊടുക്കു

കയും ചെയ്തു. അതൊന്നും തന്നെ ചെയ്തില്ല. സുപ്രീംകോടതിയിൽ ഇതാരും ചലഞ്ച് ചെയ്തില്ല. രണ്ട് ജഡ്ജിമാരാണ് ഈ കേസ്സിന്മേൽ വിധി പറഞ്ഞത്. ഈ രണ്ട് ജഡ്ജിമാരും പറഞ്ഞ അഭിപ്രായങ്ങൾ വായിച്ചെങ്കിൽ തീർച്ചയായും റിവ്യൂ ഹർജി കൊടുക്കുമായിരുന്നു. ഇന്ത്യൻ ഫെഡറൽ ഭരണവ്യവസ്ഥപ്രകാരം ഇന്ത്യൻ ശിക്ഷാ നിയമവും ക്രിമിനൽ പ്രൊസീഡ്യുവർ കോഡും രാജ്യത്തെ എല്ലാ സംസ്ഥാനങ്ങൾക്കും (ജമ്മു & കാശ്മീർ ഒഴികെ) ബാധകമാണ്. ഭരണഘടന രാഷ്ട്രത്തിനും സ്റ്റേറ്റുകൾക്കും ഒരുപോലെയാണ്. ഇന്ത്യൻ ശിക്ഷാ നിയമം, ക്രിമിനൽ പ്രൊസീഡ്യുവർ കോഡ്, ഇന്ത്യൻ ഭരണഘടന, മാരിടൈം സോൺ ആക്ട് ഇതിലൊന്നും തന്നെ സംസ്ഥാനത്തിന് അധികാരമില്ല എന്ന് എവിടെയും പറഞ്ഞിട്ടില്ല. ക്രിമിനൽ ജൂറിസ്ഡിക്ഷൻ പ്രകാരം കൺകറന്റ് ജൂറിസ്ഡിക്ഷനിൽപ്പെട്ടതാണ് പീനൽ കോഡും ക്രിമിനൽ പ്രൊസീഡ്യുവർ കോഡും. അതനുസരിച്ച് സംഭവം നടന്ന സ്ഥലത്താണ് കേസ് എടുക്കേണ്ടതും ഇൻവെസ്റ്റിഷേൻ നടത്തേണ്ടതും വിചാരണ നടത്തേണ്ടതും. കേരളത്തിന്റെ പരമാധികാരമാണ് ഇവിടെ അപഹരിച്ചിരിക്കുന്നത്. എന്തുകൊണ്ട് നമ്മുടെ സ്റ്റേറ്റ് റിവ്യൂ ഹർജി സമർപ്പിച്ചില്ല? കേരളത്തിന്റെ പരമാധികാരം പുനഃസ്ഥാപിക്കുകയാണ് വേണ്ടത്. അതുകൊണ്ട് കേരള ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെടണം. സ്പെഷ്യൽ കോടതിയെ നിയമിക്കുകയാണെങ്കിൽ അത് കേരളത്തിലാണ് സ്ഥാപിക്കേണ്ടത്, കേരള ഗവൺമെന്റാണ് ഇത് കൈകാര്യം ചെയ്യേണ്ടത്. നമ്മുടെ അവകാശം പുനഃസ്ഥാപിക്കപ്പെടണം. ഇതിൽ 8 സാക്ഷികളാണുള്ളത്. ഈ സാക്ഷികൾക്ക്

ഡൽഹിയിൽപോയി കേസ് പറയാൻ കഴിയില്ല. St. Antony's ബോട്ടിലുണ്ടായിരുന്ന തൊഴിലാളികളാണ് ഇതിലെ സാക്ഷികൾ. അവർക്ക് സ്വതന്ത്രമായി കേസ് പറയാനുള്ള അവസരം കൊടുക്കണം. കൊല്ലപ്പെട്ട 2 തൊഴിലാളികളുടെയും കുടുംബങ്ങളോട് നീതി പുലർത്തണം. അവരുടെ മക്കളെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സന്ദർശിച്ചപ്പോൾ അവർ ആവശ്യപ്പെട്ടത് അങ്ങേയ്ക്ക് ഇപ്പോഴും ഓർമ്മയുണ്ടാകും. അവരോട് നീതി പുലർത്തണം. മത്സ്യത്തൊഴിലാളികളെക്കുറിച്ച് പഠിക്കാൻ കമ്മീഷൻ വേണമെന്ന് ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ പറയുകയുണ്ടായി. കമ്മീഷൻ വയ്ക്കുന്നതിൽ വിരോധമില്ല. മത്സ്യബന്ധനമെന്നത് മത്സ്യത്തൊഴിലാളികളുടെ അവകാശമാണ്. ആ അവകാശവും അവരുടെ ജീവനും സംരക്ഷിക്കപ്പെടണം. അതിന് ഉറപ്പുവേണമെന്നുള്ളാണ് ഇവിടത്തെ വിഷയം. അതുകൊണ്ട് ഈ പ്രശ്നം മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തിന്റെ വിഷയമാണ്. നമ്മുടെ രാഷ്ട്രത്തിന്റെ സമ്പദ് വ്യവസ്ഥയുടെയും അന്തസ്സിന്റെയും വിഷയമാണ്, കേരളത്തിന്റെ പരമാധികാരത്തിന്റെ വിഷയമാണ്. മത്സ്യത്തൊഴിലാഴികൾ ഒന്നടങ്കം ആവശ്യപ്പെടുന്നത് 60 നോട്ടിക്കൽ മൈൽ വരെ അവർക്ക് മത്സ്യബന്ധനത്തിനുള്ള അവകാശം വേണമെന്നാണ്. കരയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് എന്തെങ്കിലും ആപത്തുവന്നാൽ സംരക്ഷിക്കാനുള്ള സംവിധാനമുണ്ട്. എന്നാൽ കടലിൽ അതിനുള്ള സംവിധാനമില്ല. ഇവിടെയിപ്പോൾ മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം നടത്തുന്ന സ്ഥലത്തേക്ക് ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്ന ട്രോളറുകൾ വരികയാണ്.

അവർക്ക് ആവശ്യംപോലെ ഡീസൽ സബ്സിഡിയും കൊടുക്കുന്നു. അറേബ്യൻ സമുദ്രം മത്സ്യബന്ധനത്തിനും കപ്പൽ ചാലുകൾക്കുമെല്ലാം സൗകര്യമുള്ള സമുദ്ര മേഖലയാണ്. മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനം നടത്തുന്ന സ്ഥലത്ത് കപ്പലുകൾ കടക്കാൻ പാടില്ലെന്ന രീതിയിലുള്ള പുതിയ നിയമം വേണം. അറ്റോർണി ജനറലിനുപകരം അഡീഷണൽ അറ്റോർണി ജനറൽ പങ്കെടുത്തത് എന്തുകൊണ്ടാണ്; അഡ്വക്കേറ്റ് ഹരീഷ് സാൽവേയ്ക്കെതിരായി ശക്തനായ വക്കീലിനെ വയ്ക്കാത്തതെന്തുകൊണ്ടാണ്; അതുപോലെതന്നെ legal vacuum ഉണ്ടാക്കിയതാരാണ്; ആരാണ് ഇതിന് ഉത്തരവാദി? ഞാൻ ഈ നടപടികൾ വായിച്ചു. ബഹുമാന്യരായ സീതാറാം യെച്ചൂരിയും കെ. എൻ. ബാലഗോപാലും പങ്കെടുത്തിരിക്കുന്നു, പാർലമെന്റിലെ ഔദ്യോഗിക പ്രതിപക്ഷം പങ്കെടുത്തിരിക്കുന്നു. പക്ഷെ കോൺഗ്രസ്സിലെ ഒരു പാർലമെന്റ് മെമ്പറും അതിൽ പങ്കെടുത്തില്ല. കോൺഗ്രസ്സിന്റെ നേതാവായ ശ്രീമതി സോണിയാ ഗാന്ധി പ്രതികരിച്ചില്ല. ഇവിടെ അതാണ് വിഷയം. ശ്രീമതി സോണിയാ ഗാന്ധിയുടെ പ്രതികരണത്തിനുവേണ്ടി നിങ്ങൾ ആവശ്യപ്പെടുമോ? മത്സ്യത്തൊഴിലാളികളുടെ ജീവന് സംരക്ഷണം ആവശ്യമാണ്. രണ്ടുപേരുടെ മരണം സംഭവിച്ചതാണ്. ലക്ഷക്കണക്കിനുള്ള തൊഴിലാളികളുടെ ജീവന്റെ പ്രശ്നമാണ്. അതുകൊണ്ട് ആഴക്കടൽ ട്രോളറുകൾ നമ്മുടെ കരയിൽ വന്ന് മത്സ്യബന്ധനം നടത്താൻ പാടില്ല. 60 നോട്ടിക്കൽ മൈൽ വരെ മത്സ്യബന്ധനം നടത്താൻ നമുക്ക് അനുവാദം വേണം, നാവികരെ ഇവിടെ കൊണ്ടുവന്ന് ഇവിടെ വച്ച് വിചാ

രണ നടത്തി ശിക്ഷിക്കണം. കേരളാ ഗവൺമെന്റ് ഈ കേസ്സിൽ കക്ഷി ചേർന്നുകൊണ്ട് റിവ്യൂ ഹർജി സമർപ്പിക്കുകയും കേരളത്തിന്റെ പരമാധികാരം സംരക്ഷിക്കുകയും വേണം. ഇത് കേരളത്തിലെ ജനങ്ങളുടെ ജീവന്റെ പ്രശ്നമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ നിലയിൽ ഇടപെട്ടുകൊണ്ട് ഇതിന് പരിഹാരമുണ്ടാക്കണം. അതുകൊണ്ട് ഈ വിഷയം നിയമസഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ സംഭവമുണ്ടായതുമുതൽ ഈ കേസ്സിന്റെ കാര്യത്തിൽ അങ്ങേയറ്റം ജാഗ്രതയോടുകൂടിയാണ് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ പ്രവർത്തിച്ചിട്ടുള്ളത്. കേരളത്തിലെ രണ്ട് മത്സ്യത്തൊഴിലാളികളെ വെടിവച്ച് കൊന്നതിനുശേഷം ഈ കപ്പൽ നിയമത്തിന്റെ മുമ്പിൽ വരാതെ രക്ഷപ്പെടാനാണ് ശ്രമിച്ചത്. ഇന്ത്യയുടെ അധികാര പരിധിയിലുള്ള ജലാതിർത്തിയിൽ നിന്ന് രക്ഷപ്പെട്ടാൽ രക്ഷപ്പെടുമെന്ന് അവർ ചിലപ്പോൾ കരുതിയിരിക്കാം. ഇന്ത്യൻ നേവിയും കോസ്റ്റൽ ഗാർഡും, ശ്രീ. എ. കെ. ആന്റണി പ്രത്യേകമായി ഇടപെട്ട് ഏതുവിധേനയും ഈ കപ്പൽ കണ്ടെത്തണമെന്ന നിർദ്ദേശം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ 24 മണിക്കൂറിനുള്ളിൽ ഈ കപ്പൽ കസ്റ്റഡിയിലെടുത്തു. ആദ്യം അവർ പല കാര്യങ്ങൾ പറഞ്ഞ് നിയമത്തിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിച്ചു. അതൊന്നും സംസ്ഥാന ഗവൺമെന്റ് വകവച്ചില്ല. അവരെ ചോദ്യം ചെയ്യുകയും ആ കപ്പലിൽ നിന്നാണ് വെടിയുണ്ട ഉതിർത്തതെന്ന് സംശയാതീതമായി തെളിയിച്ച് അവരെ നിയമത്തിന് മുന്നിൽ കൊണ്ടുവന്നു. അപ്പോൾ അവർ ഉന്നയിച്ച

വാദം ഇത് ഇന്ത്യയിൽ വിചാരണ ചെയ്യേണ്ട കേസ്സല്ല ഇറ്റലിയിൽ വിചാരണ ചെയ്യേണ്ട കേസ്സാണെന്നു പറഞ്ഞ് ആദ്യം അവർ രക്ഷപ്പെടാനാണ് ശ്രമിച്ചത്. രണ്ടാമതായി കുറ്റം ചെയ്തിട്ടില്ലെന്ന് പറഞ്ഞ് രക്ഷപ്പെടാനാണ് ശ്രമിച്ചത്. മൂന്നാമതായി ഇത് ഇന്ത്യൻ നിയമത്തിനുമുമ്പിൽ വിചാരണ ചെയ്യാൻ പറ്റാത്ത കേസ്സാണ് എന്നാണ് വാദിച്ചത്. കാരണം 12 നോട്ടിക്കൽ മൈലിന് അപ്പുറത്താണ് സംഭവം നടന്നത്. അത് ഇന്ത്യൻ നിയമത്തിൽ വരികയില്ല. കോടതിയിൽ തർക്കമായി, കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടു.

<u>ശ്രീ. പി. കെ. ഗുരുദാസൻ</u>: സർ, ഞാൻ ഒരു സംശയം ചോദിക്കട്ടെ, ഇപ്പോൾ സുപ്രീം കോടതി ചീഫ് ജസ്റ്റിസായ ജസ്റ്റിസ് എസ്. എച്ച്. കപാടിയ മുംബൈ ഹൈക്കോടതിയിലെ ജഡ്ജിയായിരുന്ന സമയത്ത് ഒരു വിധി പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. അതായത് ഇന്റർ നാഷണൽ നിയമവും ഇന്ത്യൻ നിയമവും തമ്മിൽ ഏതെങ്കിലും തരത്തിലുള്ള ഒരു conflict ഉണ്ടായാൽ ഇന്ത്യൻ നിയമത്തിനാണ് പ്രസക്തി. ഇന്ത്യൻ നിയമത്തിലുള്ള പ്രസക്തി അനുസരിച്ച് ഇന്ത്യാ ഗവൺമെന്റിന് കേസ്സ് എടുക്കാം. ഇന്ത്യാ ഗവൺമെന്റിന് കേസ്സ് എടുക്കാനും വിചാരണ ചെയ്യാനും അവകാശമുള്ളപ്പോൾ സ്റ്റേറ്റ് ഗവൺമെന്റിനും കേസ്സെടുക്കാൻ അവകാശമുണ്ട്. എന്തുകൊണ്ടാണ് കേരളാ ഗവൺമെന്റ് ഇക്കാര്യം മനസ്സിലാക്കി കേരളത്തിന്റെ ജീവൽപ്രധാനമായിട്ടുള്ള ഈ പ്രശ്നം അവിടെ അവതരിപ്പിക്കാൻ സന്നദ്ധത പ്രകടിപ്പിക്കാത്തത്?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, അങ്ങ് പറയുന്നത് ഇന്ത്യൻ നിയമവും ഇന്റർ നാഷണൽ നിയമവും തമ്മിൽ conflict ഉണ്ടായാൽ ഇന്ത്യൻ നിയമം നിൽക്കു മെന്നതാണ്. ഇവിടെ conflict ഇല്ല. ഇത് ഇന്ത്യൻ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. യാതൊരു സംശയവുമില്ല. ഇറ്റലിയുടെ വാദം എവിടെയാണ് നിൽക്കുന്നത്? ഇറ്റലിയുടെ കപ്പലിനകത്തുള്ള ഒരാളെയാണ് വെടിവച്ചുകൊ ന്നിരുന്നതെങ്കിൽ അവരുടെ വാദം നിലനിൽക്കും. പക്ഷെ അവർ വെടിവച്ചത് ഒരു ഇന്ത്യൻ രജിസ്റ്റേർഡ് ബോട്ടിലേക്കാണ്. അപ്പോൾ ഇത് ഇന്ത്യൻ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. തർക്കത്തിനുപോലും ഇടയില്ല. അത് കോടതികളെല്ലാം അംഗീകരിച്ചതാണ്. സുപ്രീം കോടതി വിധിക്കെതിരെ സംസ്ഥാന ഗവൺമെന്റ് അപ്പീൽ പോകാത്തത് എന്തുകൊണ്ടാണെന്ന് അങ്ങ് ഇവിടെ ചോദിച്ചു. സുപ്രീം കോടതിയുടെ വിധി നമുക്കെതിരല്ല. സുപ്രീം കോടതി പറഞ്ഞത് ഈ സംഭവം നടന്നത് contiguous zone-ലായതുകൊണ്ട് ആ കേസ്സിന്റെ തുടർനടപടികൾ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലും പരിധിയിലുമായിരിക്കണമെന്നാണ്. സുപ്രീം കോടതി നമ്മുടെ എഫ്.ഐ. ആർ. റദ്ദാക്കിയില്ല, നമ്മുടെ ഒരു നടപടിയും റദ്ദാക്കിയില്ല. നമ്മുടെ അന്വേഷ ണവും ചാർജ്ജ് ഷീറ്റുമെല്ലാം നിലനിൽക്കും. പക്ഷെ തുടർന്നങ്ങോട്ട് സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിലുള്ള ഒരു കോടതിക്കുപകരം ഒരു സ്പെഷ്യൽ കോടതിയിൽ കേന്ദ്ര ഗവൺമെന്റിന്റെ നിരീക്ഷണത്തിൽ ആ കേസ്സ് നടത്തണമെന്നാണ് പറഞ്ഞത്. ഇതിനെ നമ്മൾ എന്തിനാണ് എതിർക്കുന്നത്? സംസ്ഥാന ഗവൺമെന്റിന്റെ എല്ലാ നടപടികൾക്കും പൂർണ്ണ

പിന്തുണയാണ് കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ തന്നിട്ടുള്ളത്. പിന്നെ നമ്മൾ എതിർക്കുന്നതെന്തിനാണ്? ബഹുമാനപ്പെട്ട മെമ്പർ ഇത്രയും വിശദ മായി പറഞ്ഞപ്പോൾ ഒരു കാര്യം പറയാൻ വിട്ടുപോയി. മരിച്ചവരുടെ ബന്ധു ക്കളും ബോട്ട് ഉടമയും പ്രത്യേകം പ്രത്യേകം കപ്പൽ കമ്പനിക്കെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്ത നഷ്ടപരിഹാരക്കേസ്സിൽ മരണപ്പെട്ടവ രുടെ ആശ്രിതർക്ക് ഒരു കോടി രൂപ വീതവും ബോട്ട് ഉടമയ്ക്ക് 25 ലക്ഷം രൂപയും നൽകി കേരളാ ഹൈക്കോടതി ലീഗൽ സർവ്വീസസ് അതോറിറ്റി യിൽവച്ച് കേസ്സ് ഒത്തുതീർപ്പായി. അങ്ങ് അത് പറഞ്ഞില്ല. പക്ഷെ ഗവൺമെന്റിന് ഇതൊന്നും പ്രശ്നമല്ല. ഇറ്റാലിയൻ നാവികർ ക്രിമിനൽ കുറ്റം ചെയ്തിരിക്കുകയാണ്. കൊലപാതകക്കുറ്റത്തിനാണ് അവരുടെ പേരിൽ കേസ്സ് എടുത്തിട്ടുള്ളത്. അവർ ഇന്ത്യൻ നിയമത്തിനുമുമ്പിൽ വിചാരണ നേരിടണം. ഇന്ത്യൻ നിയമമനുസരിച്ചുള്ള ശിക്ഷാവിധിയുണ്ടാകണം. അതിൽ യാതൊരു സംശയവുമില്ല. നയതന്ത്ര പദവി ഉപയോഗിച്ച് അതിൽനിന്ന് മോചനം നേടാൻവേണ്ടിയാണ് അവർ ശ്രമിച്ചത്. ഒരു കാര്യം ഞാൻ തീർത്തുപറയാം, എവിടെപ്പോയാലും ഈ നാവികരെ ഇന്ത്യയിൽ തിരി ച്ചുകൊണ്ടുവരും. ഇന്ത്യൻ നിയമത്തിനുമുമ്പിൽ അവർ വിചാരണ ചെയ്യപ്പെ ടും. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇന്ത്യാ ഗവൺമെന്റിന് ആ കാര്യത്തിൽ ഒരു കോമ്പർമൈസുമില്ല. ബഹുമാനപ്പെട്ട അങ്ങ് ശ്രീമതി സോണിയാ ഗാന്ധിയുടെ പേര് വലിച്ചിഴച്ചത് വളരെ നിർഭാഗ്യകരമായിപ്പോയി. അവർ ഈ കാര്യത്തിൽ ആദ്യം മുതൽ കേരളം സ്വീകരിച്ച നിലപാടിന്

പൂർണ്ണമായ പിന്തുണ നൽകിയിട്ടുണ്ട്. കാരണം കേരളം സ്വീകരിച്ച നിലപാട് നീതിയുടെ നിലപാടാണ് അതിന് അവരുടെ പൂർണ്ണമായ പിന്തുണയും സഹ കരണവും ലഭിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, പാർലമെന്റിൽ പ്രതിപക്ഷ എം.പി.-മാർ ഇക്കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിച്ചപ്പോൾ കോൺഗ്രസ്സിന്റെ എം. പി.-മാരിൽ ആരും ഒരക്ഷരവും പറഞ്ഞില്ല. ആ കോൺഗ്രസ്സിന്റെ നേതാ വാണ് ബഹുമാന്യയായ സോണിയാ ഗാന്ധി.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട മെമ്പർ, ഈ സംഭവം നടന്ന ദിവസം ഞാൻ അവിടെയുണ്ട്. പ്രധാനമന്ത്രി ലോക്സഭയിൽ വ്യക്തമായ ഒരു സ്റ്റേറ്റ്മെന്റ് പറയുകയുണ്ടായി. ആ സ്റ്റേറ്റ്മെന്റിന്റെ കോപ്പി എന്റെ കൈയിലും എം.പി.-മാരുടെ കൈവശവുമുണ്ട്. അതിനുശേഷം ഒരു മണി ക്കൂർ കഴിഞ്ഞ് പ്രധാനമന്ത്രി അതേ സ്റ്റേറ്റ്മെന്റ് രാജ്യസഭയിൽ വായിക്കാൻ പോകുകയാണ്. അതിനിടയിൽ ഇതെല്ലാം അറിയാമായിരുന്ന കോൺഗ്രസ്സ് അംഗങ്ങൾ നിങ്ങൾ കാണിക്കുന്നതുപോലെ ആരെയെങ്കിലും ബോധ്യപ്പെടു ത്താൻവേണ്ടി ബഹളമുണ്ടാക്കുകയാണോ വേണ്ടിയിരുന്നത്? .........(ബഹളം).........

ശ്രീ. സി. ദിവാകരൻ: സർ, ആ പറഞ്ഞത് ശരിയല്ല. ഞങ്ങളുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യരുത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ചോദ്യം ചെയ്യാതിരിക്കുന്നത് എങ്ങനെയാണ്? പ്രധാനമന്ത്രിയോട് നിങ്ങളുടെ എം.പി.-മാർ വന്ന് സംസാരിച്ചു. ആ എം.പി.-മാരോട് വളരെ വ്യക്തമായി ചെയ്യാൻപോകുന്ന കാര്യങ്ങളെക്കുറിച്ച് പ്രധാന മന്ത്രി പറഞ്ഞിരുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, രാവിലെ അവിടെയുള്ള ഇടതു പക്ഷ എം.പി മാർ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കണ്ടപ്പോൾ, അദ്ദേഹം ഇറ്റാലിയൻ ഗവൺമെന്റിന്റെ നിലപാട് ഇന്ത്യാ ഗവൺമെന്റ് അംഗീകരിക്കുന്നില്ല, ഞങ്ങൾ യോജിക്കുന്നില്ലെന്ന് അസന്നിഗ്ദ്ധമായി പറഞ്ഞു. അതിന് ശേഷം ഉച്ചയ്ക്ക് പ്രധാനമന്ത്രിയുടെ ഓഫീസ് തന്നെ പ്രധാനമന്ത്രി അങ്ങനെ പറഞ്ഞിട്ടില്ലെന്ന് തിരുത്തുന്നു. എന്തിനാണ് അങ്ങനെ ചെയ്തത്. ഇതാണ് ഇവിടത്തെ സംശയം. ആരുടെ നിർദ്ദേശ പ്രകാരമാണ് പ്രധാനമന്ത്രിയുടെ ഓഫീസ് അത് ചെയ്തത്? ശ്രീമതി സോണിയാ ഗാന്ധിയുടെ നിർദ്ദേശ പ്രകാരമാണോ ചെയ്തതെന്ന സംശയമാണ് ഉണ്ടായിരിക്കുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: ശ്രീ. കോടിയേരി, ഇങ്ങനെ തരംതാഴരുത്. അതൊരു ഡിപ്ലോമാറ്റിക്കൽ വേർഡിന്റെ വ്യത്യാസം മാത്രമാണ്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി ആ എം.പിമാരോട് പറഞ്ഞതു തന്നെയല്ലേ ഈ സ്റ്റേറ്റ്മെന്റിൽ വന്നത്. പക്ഷെ ഉപയോഗിച്ച വാക്കിനകത്തൊരു വ്യത്യാസം വരുത്തിയെന്നത് ശരിയാണ്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി എം. പി. മാരോട് സംസാരിച്ചതു തന്നെയല്ലേ ഈ സ്റ്റേറ്റുമെന്റിൽ വന്നത്. എത്ര കർക്കശമായ നിലപാട് വന്നുവെന്ന് കുറ്റം പറയുന്ന അങ്ങ്, ഇവിടെ നിങ്ങളുടെ ഗവൺമെന്റ്

ഭരിച്ചിരുന്ന കാലത്ത്, മൂന്ന് സംഭവങ്ങളുണ്ടായി. ......(ബഹളം)........ തലശ്ശേരി കടൽ തീരത്ത്.........(ബഹളം)........

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇങ്ങനെയാണോ സർ, ഒരു അനിഷ്ട സംഭവമുണ്ടായി, രണ്ടാളുകളെ വെടിവച്ചു കൊന്നതിനെക്കുറിച്ച് ഒരു പ്രമേയം കൊണ്ടു വന്നപ്പോൾ പണ്ട് ആളുകളെ കൊന്നതാണോ പറയുന്നത്. അത് ശരിയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് പറയരുത്.

ശ്രീ. ഉമ്മൻ ചാണ്ടി: ശ്രീ. ദിവാകരൻ, ഞാൻ ഇതൊന്നും ആദ്യം പറഞ്ഞില്ലല്ലോ. ഇപ്പോൾ നിങ്ങൾ സോണിയാജിയുടെ പേര് വരെ ഉപയോഗിക്കാൻ ശ്രമിക്കുന്ന സമയത്ത്, 5.11.2008-ൽ കപ്പൽ ഇടിച്ച് അബൂബക്കർ എന്ന ആൾ മരിച്ചു. ആ കപ്പൽ വിഴിഞ്ഞത്തു വച്ച് പോലീസ് പിടിച്ചു. കേസ് രജിസ്റ്റർ ചെയ്തു. 25 ലക്ഷം രൂപ ജാമ്യം വാങ്ങികൊണ്ട് ആ ചൈനീസ് കപ്പൽ വിട്ടു കൊടുക്കുകയും അബൂബക്കറിന്റെ കുടുംബത്തിന് 2 ലക്ഷം രൂപയും കൊടുത്തു. ആ കേസ് എവിടെപോയി. ഒരാൾ മരിച്ച കേസിൽ 25 ലക്ഷം രൂപ ജാമ്യം വച്ച് ആ കപ്പൽ വിട്ടു, ആ കേസ് വിട്ടു. ആ കേസിൽ, ആ കപ്പൽ കൊണ്ടു വരാനോ നിയമത്തിന്റെ മുമ്പിൽ വിസ്തരിക്കാനോ ഇന്നു വരെ തയ്യാറായിട്ടില്ല. രണ്ടാമത്തെ കേസ്, 9.2.2010-ൽ കൊല്ലത്ത് ഒരു കപ്പൽ ഇടിച്ച് രമേശ്, സാബു എന്നീ രണ്ട് മത്സ്യത്തൊഴിലാളികളെ കാണാതായി. ഇന്നും കണ്ടെത്തിയിട്ടില്ല. അവരുടെ വീടുകളിലും രണ്ട് ലക്ഷം രൂപ

വീതം കൊടുത്തു. ആ കപ്പൽ കണ്ടുപിടിക്കാൻ പോലും സാധിച്ചിട്ടില്ല. കണ്ണൂരിൽ 2010- ൽ വീണ്ടും ഒരു സംഭവമുണ്ടായി. അതിനും കേസെടുക്കുക പോലും ചെയ്തിട്ടില്ല. എന്നിട്ടാണ് ഒരു സ്റ്റേജിലും ഒരു വീഴ്ചയും വരുത്താതെ എല്ലാ നടപടികളും സ്വീകരിച്ച കേസിനെക്കുറിച്ച് ഇങ്ങനെയൊക്കെ പറയുന്നത്. ഇന്ന് ഇറ്റലിയിലേക്ക് പോയി രക്ഷപ്പെടാം എന്ന് കരുതിയിട്ടുളളവർ ദു:ഖിക്കേണ്ടി വരും. അവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടു വരും. ഇന്ത്യൻ നിയമത്തിന്റെ മുന്നിൽ തന്നെ അവർ വിചാരണ ചെയ്യപ്പെടും യാതൊരു സംശയവും വേണ്ട. അതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എല്ലാ നടപടികളും സ്വീകരിക്കും. ഇത് സഭ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സർ, ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, സോണിയാജിയെപ്പറ്റി പറഞ്ഞപ്പോൾ എന്തോ വലിയ അപരാധം കാണിച്ചു എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ അവരുടെ പാർട്ടി നേതാവിനെപ്പറ്റി പറഞ്ഞപ്പോൾ അദ്ദേഹം മനസ് നൊന്ത് പറഞ്ഞതാണെന്നാണ് തോന്നുന്നത്. പക്ഷെ, അദ്ദേഹത്തിന് മനസ് നോവാൻ പാടില്ലാത്ത വിധത്തിലുള്ള ചില കാര്യങ്ങൾ ഞാൻ പറയാം. ഈ കടൽ കൊലയാളികളെ വോട്ട് ചെയ്യാൻ നാട്ടിലേക്ക് അയച്ചതിനു പിന്നിൽ ഇറ്റാലിയൻ രഹസ്യ കര

ങ്ങളുണ്ട്. കാരണം, ജയിലിലിരുന്നുകൊണ്ട് കമ്പ്യൂട്ടറിൽ ഓൺ ലൈനായി വോട്ട് ചെയ്യാൻ അവസരം ഉണ്ടെന്നിരിക്കെ അക്കാര്യം സർക്കാർ വക്കീൽ കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയില്ല. അത് ഏറ്റവും ഗൗരവതരമായ തെറ്റല്ലേ? 1984 ന്റെ അവസാനം അധികാരം ************തോടെ ഇറ്റാലിയൻ രഹസ്യ കരങ്ങൾ ഇന്ത്യൻ ഭരണകൂടത്തിൽ പിടി മുറുക്കാൻ തുടങ്ങി. 1985-ൽ*********.......(ബഹളം)........... പ്രശ്നം വന്നപ്പോൾ

<u>മി. സ്പീക്കർ</u>: വിഷയം ഇവിടെ അതല്ല

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: പ്രധാനമന്ത്രി*******പറഞ്ഞതെന്തെന്നറിയാമോ?

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, അടിയന്തര പ്രമേയ വിഷയമതല്ല. യെസ്.....

<u>ശ്രീ. വി. എസ്.അച്ചുതാനന്ദൻ</u>: സർ, ഞാൻ പറയട്ടെ, ഞാൻ പറഞ്ഞതിന് ശേഷം എന്തെങ്കിലും സംശയമുണ്ടെങ്കിൽ ചോദിച്ചാൽ ഞാൻ പറയാം.

<u>മി. സ്പീക്കർ</u>: നോ...നോ... അടിയന്തര പ്രമേയ വിഷയം അതല്ല.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: ഇത് തന്നെ വിഷയം.... ശ്രദ്ധിക്കൂ.... പ്രധാനമന്ത്രി[1]*******പറഞ്ഞത്, താനൊരു പൈലറ്റാണ് വെസ്റ്റ്ലാന്റ് ഹെലികോപ്റ്റർ വെറുതേ തന്നാലും താൻ വാങ്ങില്ലെന്നാണ്. പക്ഷെ അപ്പോഴേക്ക്.......(ബഹളം)...........

[1] സഭാദ്ധ്യക്ഷന്റെ നിർദ്ദേശ പ്രകാരം സഭാരേഖയിൽ നിന്ന് നീക്കം ചെയ്തു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ........ അടിയന്തര പ്രമേയ വിഷയം അതല്ല.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: സർ, അപ്പോഴേക്ക് ഇറ്റാലിയൻ രഹസ്യ കരങ്ങൾ പിടിമുറുക്കി .......(ബഹളം)...........

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ........ അടിയന്തര പ്രമേയ വിഷയം അതല്ല.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: അടിയന്തര പ്രമേയവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഞാൻ പറയുന്നത്. ശ്രദ്ധിക്കൂ

<u>മി. സ്പീക്കർ</u>: നോ... നോ... ബന്ധപ്പെട്ട വിഷയമല്ല ഇത്. ശരിയല്ല ഇത്.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: *******തന്നെ വെസ്റ്റ്ലാന്റ് ഹെലികോപ്റ്റർ വാങ്ങി. വൻ അഴിമതിയാണ് നടന്നത്. പിന്നീട്, ബോഫോഴ്സിൽ നിന്ന് പൊട്ടാത്ത തോക്ക് വാങ്ങി. .......(ബഹളം)...........കോടികളുടെ അഴിമതി നടത്തി.......(ബഹളം)...........

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്...... പ്ലീസ്.... പ്ലീസ്....

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ:</u> ബോഫോഴ്സ് കോഴ കേസിലെ അതുപോലെ തന്നെ.......(ബഹളം)...........

<u>മി. സ്പീക്കർ</u>: ഇത് ശരിയല്ല.. പ്ലീസ്...

<u>ശ്രീ. വി. എസ്.അച്ചുതാനന്ദൻ</u>: അതുപോലെ തന്നെ ശ്രീ. ആന്റണി ഇപ്പോൾ നോക്കുകുത്തിയായി ഇരിക്കേണ്ട കാര്യമെന്താണ്?

........(ബഹളം).....അതിലും സ്വാഭാവികമായി ശ്രീമതി. സോണിയാ ഗാന്ധി യുടെ ഇടപെടൽ തന്നെയാണ്. ........(ബഹളം).....

മി. സ്പീക്കർ: ഇത് ശരിയല്ല.. പ്ലീസ്...

ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ: അതുകൊണ്ട് .......(ബഹളം)........... അതിനെ അനുകൂലിക്കാൻ.......(ബഹളം)........... സ്വാഭാവികമായും പ്രതിപക്ഷ ങ്ങൾക്കും ഈ രാജ്യത്തെ ജനങ്ങൾക്കും കഴിയില്ല. അതിനെ യെല്ലാം.......(ബഹളം)........... ബാധ്യതയാണ് കേരളത്തിലെ ജനങ്ങൾക്കുള്ളത്.

മി. സ്പീക്കർ: എല്ലാം പറയാനുള്ള വേദി നിയമസഭയല്ല.

ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ: ഇന്ത്യയിലെ ജനങ്ങൾക്കുള്ളത്. അതു കൊണ്ട് അതിൽ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്ത് പോയി)

മി. സ്പീക്കർ: എന്തും പറയാനുള്ള വേദി നിയമസഭയല്ല. നിങ്ങൾക്ക് പൊളിറ്റിക്കലായി വല്ലതും പറയാനുണ്ടെങ്കിൽ അത് സഭയ്ക്ക് പുറത്തു പറയാ നുള്ള അവകാശമുണ്ട്. എല്ലാം ഇവിടെ പറയാൻ കഴിയില്ല.....(ബഹളം)... അടിയന്തര പ്രമേയത്തിന് പോയിന്റ് ഓഫ് ഓർഡറില്ല. നിങ്ങൾ വെറുതേ ബഹളമുണ്ടാക്കാൻ വേണ്ടിയാണെങ്കിൽ ബഹളമുണ്ടാക്കിക്കൊള്ളൂ. പക്ഷേ ഇതിന്റെ തലയ്ക്കു പിടിച്ചു കൊണ്ടു വേണ്ട.

(ശ്രീ. സി. ദിവാകരൻ)

ശ്രീ. സി. ദിവാകരൻ: സർ, ഇറ്റലി എന്നു പറയാതെ ഇതു തുടങ്ങാൻ സാധിക്കില്ല. ഇറ്റലിയിലെ രണ്ടു സായിപ്പുമാരാണ് കേരളത്തിൽ കൊല്ലത്തെ ശക്തികുളങ്ങരയിൽ വന്ന് മത്സ്യത്തൊഴിലാളികളെ വെടിവച്ചുകൊന്നത്. അത് ലോകം മുഴുവൻ അംഗീകരിച്ചതല്ലേ?

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ, ഇറ്റലിയോ മറ്റേത് രാജ്യത്തെക്കുറിച്ചു വേണമെങ്കിലും പറഞ്ഞോളൂ. പക്ഷേ ഇറ്റലി എന്നു പറയുന്നതിനോടൊപ്പം മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയിലേയ്ക്ക് എന്തിനാണ് പോകുന്നത്? അത് ശരിയല്ല.

ശ്രീ. സി. ദിവാകരൻ: സർ, കൊലയാളികൾ ഇറ്റലിക്കാരാണ്.

മി. സ്പീക്കർ: അത് പറഞ്ഞോളൂ. ഞാൻ പ്രതിപക്ഷ നേതാവിന്റെ പരാമർശം ശരിയായില്ല എന്നാണ് പറഞ്ഞത്.

ശ്രീ. സി. ദിവാകരൻ: സർ, ഈ കൊലയാളികൾ പാവപ്പെട്ട രണ്ട് മത്സ്യത്തൊഴിലാളികളെ വെടിവെച്ചുകൊന്നു എന്ന കാര്യത്തിൽ ഇരു കൂട്ടർക്കും തർക്കമില്ല. ഈ സംഭവം വളരെ ക്രൂരവും ലോകത്ത് നടന്നതിൽ ഏറ്റവും അപൂർവ്വങ്ങളിൽ അപൂർവ്വവുമാണ്. ഒരു രാജ്യത്തെ പ്രത്യേകിച്ച്...., ഇന്നത്തെ ജനാധിപത്യ സമ്പ്രദായത്തിൽ ഒരു രാജ്യത്തിന്റെ അതിർത്തിക്കകത്ത് വന്ന് അവിടെയുള്ള....., മത്സ്യബന്ധനത്തിന്; ഉപജീവനത്തിന്; അഷ്ടിക്ക് അരിയുണ്ടാക്കാൻ പോയ പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ വെടിവെച്ചുകൊന്നിട്ട് അവർ എന്താണ് ചെയ്തത്? ഈ കേസ്സിൽ ആദ്യം അവർ തർക്കിച്ചു. ഈ സംഭവം നടന്നത് 12 നോട്ടിക്കൽ മൈലിനകത്തല്ല

അതിന് പുറത്താണ്, അതുകൊണ്ട് ഇന്ത്യക്ക് അധികാരമില്ലെന്ന് ആദ്യത്തെ തർക്കമുന്നയിച്ചു. രണ്ടാമത് പറഞ്ഞതെന്താണ്? ക്രിസ്മസ് ആഘോഷത്തിന് നാട്ടിൽ പോകണം. കേരളത്തിൽ രണ്ട് ശവശരീരങ്ങൾ കിടക്കുമ്പോൾ; ഇവിടെ രണ്ടു വിധവകൾ നിൽക്കുമ്പോൾ; അവർ മെഴുകുതിരി കത്തിച്ച് അവരുടെ ഭർത്താക്കന്മാരുടെ ആത്മാവിന് ശാന്തി നേരുമ്പോൾ, ആ കൊലയാളികളെ നമ്മൾ പൂർവ്വാധികം ശക്തിയോടെ വിമാനത്തിൽ കയറ്റി അവർക്ക് കുടുംബത്തോടൊപ്പം ക്രിസ്മസ് ആഘോഷിക്കാൻ അയച്ചത് ശരിയാണോ? ജീവകാരുണ്യപരമാണോ? മനുഷ്യത്വമാണോ? നമ്മുടെ സഹോദരിമാരല്ലേ വിധവകളായത്; നമ്മുടെ കുടുംബങ്ങളല്ലേ അനാഥമായത്; അവർക്ക് ക്രിസ്മസ് ആഘോഷിക്കാൻ കഴിഞ്ഞോ? നിങ്ങളും കേന്ദ്രഗവൺമെന്റും കൂടി ക്രിസ്മസ് ആഘോഷിക്കാൻ ആ രണ്ടു കൊലയാളികളെ നാട്ടിലേയ്ക്ക് അയച്ചു. അതാണ് ഇവിടത്തെ പ്രശ്നം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. സി. ദിവാകരൻ പറഞ്ഞത് കേട്ടാൽ കേന്ദ്ര ഗവൺമെന്റോ സംസ്ഥാന ഗവൺമെന്റോ അയച്ചതാണെന്നു തോന്നും. ബഹു. കോടതിയാണ് അനുവദിച്ചത്. അങ്ങ് പറഞ്ഞതിനേക്കാൾ ശക്തമായ ഭാഷയിൽ കോടതിയിൽ സംസ്ഥാന ഗവൺമെന്റിനു വേണ്ടി വാദിച്ചു. അവർക്ക് ക്രിസ്മസ് ആഘോഷിക്കണമെങ്കിൽ അവരുടെ ബന്ധുക്കളെ ഇവിടെ കൊണ്ടുവരട്ടെ? ബഹുമാനപ്പെട്ട ദിവാകരൻ, നിങ്ങളുടെ കാലത്ത് രണ്ടു ലക്ഷം രൂപയ്ക്ക് വില പറഞ്ഞവർ ഇന്ന് ഇപ്പോൾ ഇതു പറയാൻ നാണമില്ലേ?

<u>ശ്രീ. സി. ദിവാകരൻ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിനേക്കാള പ്പുറം പറഞ്ഞാലും ഞാൻ അതിന് മറുപടി പറയുന്നില്ല. കേരളത്തിന്റെ മുഖ്യമന്ത്രി പറയാൻ പാടില്ലാത്ത വാക്കുകളാണ് പറയുന്നത്. അത് അങ്ങ് ഓർമ്മിക്കണം. കാരണം എൽ.ഡി.എഫ്.-ൽ എത്ര പേര് കൊന്നു, യു.ഡി.എഫ്-ൽ എത്ര പേർ കൊന്നു എന്നു പറയാൻ നാണം വേണ്ടേ? ഇവിടെ രണ്ടു നഗ്നമായ കൊല പാതകമാണ് നടന്നത്. അതിന് ന്യായീകരിക്കുന്ന വാദം മുഖ്യമന്ത്രിയിൽ നിന്ന് പ്രതീക്ഷിക്കുന്നില്ല. അങ്ങ് പറഞ്ഞത് കോടതിയാണ് അനുവദിച്ചതെ ന്ന്. ഈ സംഭവം നടന്നപ്പോൾ ഈ വിഷയത്തിൽ കേരള ഹൈക്കോടതി ഇട പ്പെട്ടു. എന്നാൽ ഹൈക്കോടതിയ്ക്ക് ഇതിനകത്ത് കാര്യമില്ല; കേസ് ഞങ്ങൾ എടുക്കുമെന്ന് പറഞ്ഞ് സുപ്രീം കോടതി ഹൈജാക്ക് ചെയ്ത് കൊണ്ടുപോ യി. കേന്ദ്ര ഗവൺമെന്റിനോട് സ്പെഷ്യൽ കോടതി രൂപീകരിക്കണമെന്ന് സുപ്രീം കോടതി ഇതിൽ ഇടപെട്ടു കൊണ്ടു പറഞ്ഞു. ആറുമാസമായിട്ടും നിങ്ങൾ ഒരു നടപടിയും എടുത്തില്ല. ഒരു കോടതിയും രൂപീകരിച്ചില്ല. എന്താണ് അതിന് കാരണം?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഈ സഭയെ തെറ്റിദ്ധരിപ്പിക്കരുത്. 18.01.2013-ലാണ് ഈ സ്പെഷ്യൽ കോടതിയുടെ തീരുമാനം സുപ്രീം കോടതി പറയുന്നത്. അതു കഴിഞ്ഞ് 45 ദിവസം കഴിഞ്ഞിരിക്കുകയാണ്. അതിനിടയ്ക്ക് കേന്ദ്ര ഗവൺമെന്റ് സ്പെഷ്യൽ കോടതി രൂപീകരിക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചു. അതിന്റെ അവസാനഘട്ടത്തിലാണ്. ആറുമാസ മായി എന്നൊന്നും പറയരുത്.

ശ്രീ. സി. ദിവാകരൻ: ആറു മാസത്തിൽ ചെറിയ വ്യത്യാസം കാണും. മറ്റൊരു കാര്യം ഇന്ത്യാ മഹാരാജ്യത്ത് ധാരാളം അഭിഭാഷകന്മാരുണ്ട്. ബഹുമാനപ്പെട്ട വി. ഡി. സതീശനടക്കം അഭിഭാഷകരാണ്. കൊലയാളികളെ എങ്ങനെയാണ് ട്രീറ്റ് ചെയ്യേണ്ടതെന്ന് ഇന്ത്യയിൽ ഒരു നിയമമുണ്ട്? ഇന്ത്യയിൽ ആ നിയമം നിലനിൽക്കുമ്പോൾ വിദേശികളായ രണ്ട് ഇറ്റലിക്കാരായ കൊലയാളികൾക്ക് ഹോട്ടലിൽ യഥേഷ്ടം താമസിക്കാൻ ഏത് നിയമമാണ് അനുവദിക്കുന്നത്. ഗവൺമെന്റ് അതിനെല്ലാം കീഴടങ്ങി കൊടുത്തതാണ്. ഞങ്ങളുടെ അറിവിൽ അങ്ങനെ ഒരു നിയമമില്ല. കൊല ചെയ്തവരെല്ലാം ഫൈവ് സ്റ്റാർ ഹോട്ടലിൽ മുറി വാടകയ്ക്കെടുത്ത് താമസിച്ചാൽ മതിയെന്ന ഒരു നിയമം ഇവിടെയില്ല. ഈ കൊലയാളികളെ ഇറ്റലിയിൽ നിന്ന് ഇവിടെ കൊണ്ടുവന്ന് അവരെ നിയമത്തിന്റെ മുമ്പിൽ ശിക്ഷിക്കപ്പെടുമെന്ന് മുഖ്യമന്ത്രി ഈ സഭയോട് പറഞ്ഞു; അങ്ങ് പറഞ്ഞത് ഞാൻ വിശ്വസിക്കുന്നു. പക്ഷേ കേരളത്തിലെയും ഇന്ത്യയിലെയും ജനങ്ങളുടെ ഇതുവരെയുള്ള അനുഭവത്തിൽ ഇറ്റലിയിലെ ഈ കൊലയാളികളുടെ രോമത്തിൽ തൊടാൻപോലും ഈ ഗവൺമെന്റിനോ കേന്ദ്രത്തിനോ കഴിയാത്ത രാഷ്ട്രീയ സാഹചര്യമാണുള്ളത്. ഇത് വെറുതേ വീമ്പ് പറയുകയാണ്. അവർ വരാൻ പോകുന്നില്ല. അത് അവിടത്തെ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. പിന്നെ എങ്ങനെ വരാനാണ്? അവിടെ ചെന്ന് അവരെ capture ചെയ്യുമോ? അതോ അവിടെ ജയിൽ പൊളിച്ചുകൊണ്ടു വരുമോ? ഇവിടെ കൊണ്ടുവരാൻ സാദ്ധ്യമല്ല. ഇത് ആളുകളെ പറഞ്ഞ് കബളിപ്പിക്കുകയാണ്.

സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ ജനങ്ങൾക്ക് ബോദ്ധ്യപ്പെടുന്ന രീതിയിൽ സത്യസന്ധമായി ഇടപെട്ടിട്ടില്ല എന്ന ആക്ഷേപമാണ് ഈ അടിയന്തര പ്രമേയത്തിൽ ഞങ്ങൾ ഉന്നയിച്ചത്. അത് ചർച്ച ചെയ്യാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. മാത്യു റ്റി. തോമസ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമ്പോൾ കാര്യങ്ങൾ അല്പം തമസ്ക്കരിക്കാൻ ശ്രമിച്ചു. അപകട മരണവും കൊലപാതകവും ഒരേ തരത്തിലാണ് ഈ ഗവൺമെന്റ് കൈകാര്യം ചെയ്തത്. നിയമം ഈ രണ്ടു കാര്യത്തെയും ഒരുപോലെയാണോ വീക്ഷിക്കുന്നത്? ഐ.പി.സി. 304(എ) എന്നൊരു വകുപ്പുണ്ട്, Causing death by rash or negligent act എന്നാണ് പറയുക. റോഡപകടമടക്കമുള്ള അപകടത്തിൽപ്പെടുന്നവരെ ആ വകുപ്പിന്റെ കീഴിലാണ് വിചാരണ ചെയ്യുന്നത്. മന:പൂർവ്വം ഒരു നടപടിയിലൂടെ കൊലപാതകം നടത്തിയാൽ അത് 302 -ാം (മർഡറിന്റെ) വകുപ്പിലാണ്. കപ്പലിടിച്ച് ബോട്ടിലുണ്ടായിരുന്ന ആളുകൾ മരിച്ചതും കപ്പലിൽ നിന്ന് വെടിയുതിർത്തു കൊണ്ട് മത്സ്യത്തൊഴിലാളികൾ മരിച്ചതും ഒരുപോലെ കാണണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ നിയമസഭയിൽ പറയാൻ പാടുണ്ടോ? നഗ്നമായ കൊലപാതകം, ആ കൊലപാതകം നടത്തിയ നാവികരെ പ്രത്യേകമായി കാണരുത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ ഒരു പോലെ കാണണമെന്നല്ല പറഞ്ഞത്. ഈ ഗവൺമെന്റിന്റെ കാലത്ത് കപ്പലിടിച്ച ഒരു അപകടത്തിൽ മൂന്നു പേർ മരിച്ചു. ആ കാര്യത്തിൽ ഈ ഗവൺമെന്റ് സ്വീകരിച്ച നിലപാട് അങ്ങേയ്ക്കറിയാമോ? അവർ രക്ഷപ്പെട്ട് ശ്രീലങ്കൻ തീരത്തെത്തി. അവിടെ നിന്നും കോസ്റ്റ് ഗാർഡും നേവിയും കൂടി അവരെ പിടിച്ചുകൊണ്ടുവന്നു. അവർ കേരള തീരത്തേയ്ക്ക് വരില്ലെന്ന് പറഞ്ഞപ്പോൾ തമിഴ്നാട് തീരത്ത് കൊണ്ടുപോയി, അവിടെ വച്ച് ചോദ്യം ചെയ്ത് അവരെ കൊണ്ട് കുറ്റം സമ്മതിപ്പിച്ച് തിരിച്ച് അവരെ കേരള തീരത്ത് കൊണ്ടുവന്നു. അത് വെടിവച്ചതല്ല, അപകടമാണ്. പക്ഷേ മുമ്പ് ഇവിടെ ചൈനീസ് കപ്പലിനെ പിടിച്ചു; അറസ്റ്റ് ചെയ്തു; വിഴിഞ്ഞത്ത് വരെ കൊണ്ടുവന്നു. എന്നാൽ 25 ലക്ഷം രൂപ വാങ്ങി അവർക്ക് ജാമ്യം അനുവദിച്ചു. പിന്നെ അവരെ കണ്ടിട്ടില്ല. കാണാൻ നിങ്ങൾ ശ്രമിച്ചിട്ടില്ല. 2008-ൽ ഉണ്ടായ സംഭവമാണ്. ആ സംഭവത്തിൽ തലശ്ശേരിക്കാരനായ അബൂബക്കർ എന്നയാൾ മരിച്ചു. രണ്ടു ലക്ഷം രൂപ ആ വീട്ടിൽ കൊടുത്ത് ആ ഏർപ്പാട് തീർത്തു. ഇത് ശരിയാണോ എന്നാണ് ചോദിച്ചത്?

ശ്രീ. മാത്യു റ്റി. തോമസ്: സർ, അങ്ങ് ഈ നാവികർ വന്ന് മത്സ്യത്തൊഴിലാളികളെ നഗ്നമായി കൊലപാതകം നടത്തിയ വിഷയത്തിനിടയ്ക്ക് ഒരു അപകടമരണം എടുക്കേണ്ട കാര്യമുണ്ടായിരുന്നില്ല. അതാണ് ഞാൻ പറഞ്ഞത്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഒരാൾ വെടിവെച്ചു കൊന്നു, ഒരാൾ കത്തികൊണ്ട് കുത്തിക്കൊന്നു,

ഒരാൾ കാറുകൊണ്ട് ബോധപൂർവ്വം ഇടിച്ചുകൊന്നു. അതിൽ ഏതാണ് സെക്ഷൻ?

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഒരു കോടതിയുടെ മുമ്പാകെ കേസ് വാദിക്കുന്നതുപോലെ വാദിക്കണ്ട. മന:പൂർവ്വമായി നടത്തിയിരിക്കുന്ന ഹത്യ കളെ കൊലപാതകത്തിന്റെ പട്ടികയിൽതന്നെപ്പെടുത്തണം. പക്ഷേ ഇവിടെ അതല്ല. ഞാൻ ആ സംഭവങ്ങളെയെല്ലാം ന്യായീകരിക്കുകയല്ല. അത്തരത്തി ലുള്ള ഒരു സംഭവത്തെ ഈ ഹീനമായ പ്രവൃത്തിയോടൊപ്പം ഇവിടെ മുഖ്യ മന്ത്രി വ്യാഖ്യാനിക്കേണ്ടതില്ലായിരുന്നു എന്നാണ് ഞാൻ പറയാൻ ശ്രമിച്ചത്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമാണ് ഇന്ത്യ എന്ന് നമ്മൾ അഭിമാനിക്കുന്നു. ആ ഇന്ത്യയുടെ ഭരണഘടന സ്ഥാപനമായ പരമോന്നത നീതിപീഠമായ സുപ്രീം കോടതിയിൽ ഒരു രാജ്യത്തിന്റെ ഉത്തരവാദിത്തപ്പെട്ട ആളുകൾ നൽകിയ ഒരു ഉറപ്പ് ഇന്നത്തെ ലോകപോലീസ് എന്ന് അഭിമാനി ക്കുന്ന അമേരിക്ക പോലും അവഗണിക്കാൻ തന്റേടം കാട്ടാത്തപ്പോൾ അതിനെ അവഗണിക്കാനുള്ള ധൈര്യം ഇറ്റലിക്ക് എവിടെ നിന്നു വന്നു? അതാണ് പ്രശ്നം. ഞാൻ പേര് പറഞ്ഞാൽ അപകടമാകുമെങ്കിൽ ആ പേര് പറയുന്നില്ല. ലോകരാഷ്ട്രങ്ങൾ മുഴുവൻ ബഹുമാനിക്കുന്ന ഇന്ത്യയുടെ പരമോന്നത നീതിപീഠത്തിനു മുമ്പിൽ കൊടുത്ത ഒരു ഉറപ്പിനെ ലംഘിക്കു വാൻ ഇറ്റലിക്ക് എവിടെ നിന്ന് ധൈര്യം വന്നു. ആ ധൈര്യത്തിന്റെ ശക്തി സ്രോതസ്സ് ഏതാണ്? അക്കാര്യത്തിലാണ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ കാണിക്കുന്ന അലംഭാവത്തിനെ ഞങ്ങൾ ആക്ഷേപിക്കുന്നത്. കേന്ദ്ര

സംസ്ഥാന സർക്കാരുകൾ ലോകമാകമാനം ബഹുമാനിക്കുന്ന ഇന്ത്യയുടെ പരമോന്നത നീതിപീഠത്തിന്റെ മുമ്പിൽ ഈ നാട്ടിലെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പ്രശ്നം സജീവമായി ഉയർത്തിപ്പിടിക്കാൻ ശ്രമിച്ചിരുന്നുവെങ്കിൽ ഇന്ന് ഈ കബളിപ്പിക്കൽ എന്ന് വിശേഷിപ്പിക്കുന്ന സംഗതി നടക്കുകയില്ലായിരുന്നു. ഇത് കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ഏല്പിച്ച ഏറ്റവും കനത്ത ഒരു പ്രഹരമായിപ്പോയി. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. എ. എ. അസീസ്: സർ, ഇന്ത്യയിലെ പരമോന്നത നീതിപീഠത്തെ വഞ്ചിച്ചാണ് ഇറ്റലിക്കാരായ കൊലയാളികൾ ഇന്ന് ഇറ്റലിയിൽ കഴിയുന്നത്. ജാമ്യാപേക്ഷ എതിർക്കാതിരുന്നതുമൂലമാണ് അവർക്ക് ജാമ്യം കിട്ടിയത്. വെടിവച്ച് കൊല്ലുന്നതും അപകടമരണവും ഒരേ തരത്തിലാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. ഇടിച്ചുകൊല്ലുകയെന്ന് പറഞ്ഞാൽ സാധാരണഗതിയിൽ ഇടിക്കുകയാണ് ചെയ്യുന്നത്. രണ്ട് വാഹനങ്ങൾ തമ്മിലും ബോട്ടുകൾ തമ്മിലും കൂട്ടിയിടിക്കാറുണ്ട്. അതൊന്നും മന:പൂർവ്വമല്ല. മന:പൂർവ്വം വാഹനങ്ങൾ തമ്മിൽ കൂട്ടിയിടിപ്പിച്ച് ആരും ആരെയും കൊല്ലാൻ ശ്രമിക്കാറില്ല. എന്നാൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ തോക്ക് ചൂണ്ടി വെടിവച്ച് കൊല്ലുന്ന കപ്പലിൽ വന്ന ആ കൊലയാളിയും ഈ പറഞ്ഞ ബോട്ടുകൾ തമ്മിലിടിച്ചോ അല്ലെങ്കിൽ

ഏതെങ്കിലും തരത്തിൽ അപകടത്തിൽപ്പെട്ടോ മരിക്കുന്നവരും ഒന്നാണെന്ന് എങ്ങനെയാണ് വ്യാഖ്യാനിക്കുന്നത്? വാസ്തവത്തിൽ നീതീകരിക്കത്തക്ക കാര്യമല്ല ഇത്. കൊലയാളിയെ കൊലയാളിയായിത്തന്നെ ചിത്രീകരിക്കണം. സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും കൊലയാളിയെ സംരക്ഷിക്കുവാനുള്ള ഒരു സമീപനവും സ്വീകരിക്കാൻ പാടില്ല. അവരെ സംരക്ഷിക്കുവാനുള്ള സമീപനം സ്വീകരിച്ചതിന്റെ ഫലമായിട്ടാണ്......... എന്തുകൊണ്ടാണ് സമീപനം സ്വീകരിച്ചത്. അത് മറ്റൊന്നുംകൊണ്ടല്ല. ഇപ്പോൾ ഇറ്റലിയെന്ന് കേട്ടാൽ ഇവിടെ കയ്യും കാലും വിറയ്ക്കും. എന്തിനാണ് കയ്യും കാലും വിറയ്ക്കുന്നത്; അതിന് പിന്നിലുള്ള രഹസ്യം എന്താണ്? അത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ആ തരത്തിൽ അവരെ സഹായിക്കുവാനുള്ള സമീപനം സ്വീകരിച്ചതിന്റെയും ജാമ്യാപേക്ഷ എതിർക്കാതിരുന്നതിന്റെയും ഫലമായിട്ടാണ് അവർക്ക് ജാമ്യം കിട്ടിയത്. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത ഗവൺമെന്റ് സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>മി. സ്പീക്കർ</u>: ശ്രീ. വി. ഡി. സതീശൻ, അങ്ങ് അടിയന്തരപ്രമേയ ചർച്ചയ്ക്കിടയിൽ ക്രമപ്രശ്നം ഉന്നയിക്കാൻ ശ്രമിച്ചിരുന്നു. ആ സമയത്ത് ചട്ടം അത് അനുവദിക്കുന്നില്ല. ഇപ്പോൾ അങ്ങേയ്ക്ക് പറയാവുന്നതാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ റൂൾ 302 അനുസരിച്ച് ബിസിനസ് കഴിഞ്ഞതിനുശേഷമാണ് ചോദിക്കുന്നത്. പ്രതിപക്ഷ നേതാവിന്റെ പ്രസംഗത്തിൽ വളരെ ദൗർഭാഗ്യകരമായ പരാമർശം മുൻ പ്രധാന മന്ത്രിയെക്കുറിച്ച് ഉണ്ടായി. ഇന്ന് റൂൾ 50 പ്രകാരം നോട്ടീസ് കൊടുത്ത വിഷയവുമായി യാതൊരു ബന്ധമില്ലാത്ത കാര്യങ്ങളാണ് അദ്ദേഹം പറഞ്ഞത്. 1991-ൽ അന്തരിച്ച മുൻ പ്രധാനമന്ത്രി രാജീവ്ഗാന്ധിയുമായി ബന്ധപ്പെടുത്തി അനാവശ്യമായ പരാമർശമാണ് നടത്തിയത്. റൂൾ 307 അനുസരിച്ച് അദ്ദേഹത്തിന്റെ പ്രസംഗത്തിലെ മുഴുവൻ ഭാഗങ്ങളും നീക്കം ചെയ്യേണ്ടതും അത് മാധ്യമങ്ങളിൽ യാതൊരു കാരണവശാലും പ്രസിദ്ധീകരിക്കരുതെന്ന് അങ്ങ് റൂളിംഗ് നൽകേണ്ടതുമാണെന്ന് അഭ്യർത്ഥിക്കുന്നു.

<u>റൂളിംഗ്</u>

<u>മി. സ്പീക്കർ</u>: ശ്രീ. വി. ഡി. സതീശന്റെ ക്രമപ്രശ്നം, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പ്രസംഗത്തിനിടയിൽ അവതരിപ്പിക്കപ്പെട്ട അടിയന്തര പ്രമേയ വിഷയവുമായി ബന്ധമില്ലാത്ത തരത്തിൽ മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ വന്നതുമായി ബന്ധപ്പെട്ടാണ്. പ്രതിപക്ഷ നേതാവിനെപ്പോലുള്ള ഒരു നേതാവ് അത് ഒഴിവാക്കേണ്ടതായിരുന്നു. ഏതായാലും അത്തരം പരാമർശങ്ങൾ രേഖയിൽ ഉണ്ടാകില്ല. ചാനലുകളിൽ വന്നുകാണുമെങ്കിലും മാധ്യമങ്ങൾ പ്രസിദ്ധീകരിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ സംസാരിക്കുന്ന സന്ദർഭത്തിൽ നിങ്ങളെപ്പോലെ അങ്ങനെ ചെയ്യു ന്നവരല്ല ഞങ്ങളുടെ എം.പി-മാർ എന്ന് പറഞ്ഞു. പാർലമെന്റിലെ ഇടതുപക്ഷ എം.പി.-മാരുടെ പെർഫോമൻസിനെ അപലപിക്കുന്ന സ്റ്റേറ്റ്മെന്റാണ് മുഖ്യമന്ത്രി ഇവിടെ നടത്തിയത്. നിയമസഭയിൽവച്ച് അത്തരത്തിലുള്ള ഒരു പരാമർശം പാർലമെന്റ് മെമ്പർമാരെക്കുറിച്ച് മുഖ്യമന്ത്രി നടത്തിയത് തെറ്റാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ നിന്ന് അങ്ങനെയൊരു പരാമർശം പ്രതീക്ഷിക്കുന്നില്ല. അത് ഒഴിവാക്കേണ്ടതായിരുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): ഞാൻ അങ്ങനെയൊന്നും ഉദ്ദേശിച്ച തേയില്ല. പ്രതിപക്ഷ എം.പി.-മാരും യു.ഡി.എഫ്-ലെ എം.പി.-മാരും പ്രധാന മന്ത്രിയെ കണ്ടു. ഈ രണ്ട് കൂട്ടരോടും പ്രധാനമന്ത്രി അദ്ദേഹത്തിന്റെ നിലപാട് വ്യക്തമാക്കി. ആ നിലപാട് അനുസരിച്ച് ശക്തമായ ഒരു സ്റ്റേറ്റ്മെന്റ് പാർലമെന്റിൽ പറഞ്ഞു. പ്രധാനമന്ത്രിയുടെ ആ സ്റ്റേറ്റ്മെന്റിനെ നിങ്ങളുൾപ്പെടെ എല്ലാ രാഷ്ട്രീയ പാർട്ടികളും സ്വാഗതം ചെയ്തു. അതാണ് ഞാൻ പറഞ്ഞത് പ്രധാനമന്ത്രിയെ കണ്ടതിനുശേഷം പൂർണ്ണ സംതൃപ്തി ഉണ്ടായിരുന്നതുകൊണ്ടാണ് ഞങ്ങളുടെ ആളുകൾ അത് ഉന്നയിക്കാതിരുന്നത് നിങ്ങളെപ്പോലെ ഉന്നയിച്ചില്ലായെന്ന് മാത്രം പറഞ്ഞു. അതിൽ ഏതെങ്കിലും രീതിയിൽ വിഷമം ഉണ്ടെങ്കിൽ ഞാൻ അത് പിൻവലിച്ചിരിക്കുന്നു.

(ശ്രദ്ധക്ഷണിക്കൽ)